The question that the Kerala University (Amendmend) Bill, 1970 be finally passed was put and carried.

The Bill was finally passed.

Deputy Speaker: Now we pass on to the Kerala Public Service Commission (Additional Functions as respects the Kerala State Road Transport Corporation), Bill, 1970.

Shri C. B. Chandrasekhara Warrier : Sir the next item on the agenda is the Kerala Public Services (Amendment) Bill, 1970.

Deputy Speaker: That has been changed.

The Kerala Public Service Commission (Additional Functions as Respects the Kerala State Road Transport Corporation) Bill, 1970.

Minister for Industries and Labour (**Shri P. Ravindran**): Sir, I introduce the Kerala Public Service Commission (Additional Functions as respects the Kerala State Road Transport Corporation) Bill, 1970. Sir, I also place before the Huose, a statement under Rule 73 (1) of the Rules of Procedure and conduct of Business in the Kerala Legislative Assembly.

Mr. Deputy Speaker: The Bill stands introduced.

Minister for Industries and Labour (**Shri P. Ravindran**): Sir, I move that the Bill be taken into consideration.

Minister for Education and Home (**Shri C. H. Mohammed Koya**): Sir, I second it.

[Shri K. Moideenkutty Haji in the Chair]

വ്യവസായവും തൊഴിലുംമന്ത്രി (ശ്രീ. പി. രവീന്ദ്രൻ): സർ, കേരളത്തിലെ ട്രാൻസ്പോർട്ട് അണ്ടർട്ടേക്കിംഗ്സ് ഒരു ഗവൺമെൻറു ഡിപ്പാർട്ടുമെൻറായി പ്രവർത്തിച്ചിരുന്ന കാലത്ത് ട്രാൻസ്പോർട്ടിലേക്കുള്ള ജീവനക്കാരെ തെരഞ്ഞെടുത്തുകൊണ്ടിരുന്നത് പബ്ലിക്ക് സർവ്വീസ് കമ്മിഷനായിരുന്നു. 1—4—1965—ൽ കേരളാ സ്റേറററു റോഡ് ട്രാൻസ്പോർട്ടു കാർപ്പറേഷൻ രൂപീകൃതമായി. അന്നുമുതൽ കാർപ്പറേഷനിലേയ്ക്കുള്ള നിയമനങ്ങളും കാർപ്പറേഷന്റെ ബാഡ്ധിതന്നെയാണു നടത്തിക്കൊണ്ടിരുന്നത്. അത് കാർപ്പറേഷനിൽ നിയമപ്രകാരം നിക്ഷിപ്തമായിട്ടുള്ള അധികാരമുപയോഗിച്ചാണ് നിയമനം നടത്തിക്കൊണ്ടിരുന്നത്. എന്നാൽ കാർപ്പറേഷനിലെ നിയമനങ്ങളെസംബന്ധിച്ചിടത്തോളം വളരെയധികം വിമർശനങ്ങളും നമ്മുടെ രാജ്യത്തുണ്ടാവുകയും വളരെയധികം ജീവനക്കാരെ നിയമിക്കാൻ സാധ്യതയുള്ള ഒരു അണ്ടർട്ടേക്കിംഗ്സാണ് നമ്മുടെ കെ. എസ്. ആർ. ടി. സി. അങ്ങനെ നിയമനംനടത്തുന്നതിൽ ധാരാളം അഴിമതികളുണ്ടെന്നുള്ള ആരോപണം പൊതുജനമദ്ധ്യത്തിൽ ബലമായി ഉണ്ടാകാൻ തുടങ്ങി. അതുപോലെതന്നെ വളരെയധികം ആളുകളെ നിയമിക്കുന്ന ആ സ്ഥാപനത്തിൽ സാമുദായിക പ്രാതിനിധ്യം നിയമനങ്ങളിൽ അശേഷം ലഭിച്ചുകൊണ്ടിരിക്കുന്നില്ലെന്നുള്ള പരാതിയും നാട്ടിൽ ഉയർന്നുവരികയുണ്ടായി. വിശേഷിച്ചും പട്ടികജാതി പട്ടിക

LIBRARY ARCHIVES Kerala Legislative Assembly

വർഗ്ഗത്തിൽപ്പെട്ട ആളുകൾക്ക് പബ്ലിക്സർവ്വീസ് കമ്മിഷൻ നിയമനം നടത്തുമ്പോൾ കിട്ടുന്ന പ്രാതിനിധ്യം കെ. എസ്. ആർ. ടി. സി. യുടെ നിയമനത്തിൽ കിട്ടുന്നില്ലെന്ന ആവലാതി വളരെ ശക്തിയായി നമ്മുടെ രാജ്യത്തുണ്ടായി. അതിന്റെ വിശദാംശങ്ങളിലേക്കൊന്നും കടക്കണമെന്ന് ഞാനുദ്ദേശിക്കുന്നില്ല. അതിനെസംബന്ധിച്ച് ആക്ഷേപമുണ്ടായതിന്റെ അടിസ്ഥാനത്തിൽ മുൻമുഖ്യമന്ത്രിതന്നെ, ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടുതന്നെ, ഈ സഭയ്ക്ക് ഒരു ഉറപ്പുകൊടുത്തിരുന്നു. പബ്ലിക്സർവ്വീസ് കമ്മിഷനെ കെ. എസ്. ആർ. ടി. സി.യുടെ നിയമനം വിടുന്നതിനുള്ള നടപടിയെടുക്കുമെന്ന്. പക്ഷെ, അതിൽ ആവശ്യമായ നടപടി പുരോഗമിച്ചുകണ്ടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കെ. എസ്. ആർ. ടി. സി. നിയമനങ്ങളും പബ്ലിക് സർവ്വീസ് കമ്മിഷനു വിട്ടുകൊടുക്കണമെന്നു തീരുമാനിക്കുകയുണ്ടായി. പബ്ലിക്സർവ്വീസ്കമ്മിഷനുമായും ഈ കാര്യത്തെസംബന്ധിച്ച് ഗവൺമെന്റ് ആലോചനകളും നടത്തി. ഈ ഉത്തരവാദിത്വംകൂടി ഏറ്റെടുക്കാൻ പബ്ലിക് സർവ്വീസ് കമ്മിഷൻ തയ്യാറാണെന്ന് ഗവൺമെന്റിനെ അറിയിക്കുകയുണ്ടായി. അതനുസരിച്ച് കെ. എസ്. ആർ. ടി. സി. നിയമനങ്ങളും പബ്ലിക് സർവ്വീസ് കമ്മിഷനു വിട്ടുകൊടുക്കണമെന്നു തീരുമാനിക്കുകയുണ്ടായി. ചീഫ് എക്സിക്യൂട്ടീവ് ആഫീസർ, ജനറൽ മാനേജർ, ചീഫ് അക്കൗണ്ട്സ് ആഫീസർ എന്നീ ആളുകളെ സ്റ്റേറ്റർ ഗവൺമെന്റുതന്നെ നിയമിക്കണമെന്നാണ് ഈ കേന്ദ്ര നിയമത്തിൽ 15–ാം വകുപ്പിൽ പ്രസ്താവിച്ചിട്ടുള്ളത്. റോഡു ട്രാൻസ്പോർട്ടു കോർപ്പറേഷന്റെ 14–ാം വകുപ്പനുസരിച്ച് ഈ പറയുന്ന ഉദ്യോഗസ്ഥൻമാരെ, ചീഫ് എക്സിക്യൂട്ടീവ് ആഫീസർ, ജനറൽ മാനേജർ, ചീഫ് അക്കൗണ്ട്സ് ആഫീസർ ഈ ആളുകളെ അത്രയും ഗവൺമെന്റുതന്നെയാണ് നിയമിക്കേണ്ടത്. അതൊഴികെയുള്ള നിയമനങ്ങളും പബ്ലിക് സർവ്വീസ് കമ്മിഷനു വിട്ടുകൊടുക്കണമെന്നാണ് ഗവൺമെന്റ് തീരുമാനിച്ചത്. ഈ നിയമനങ്ങളെസംബന്ധിച്ച് വളരെ വ്യാപകമായ ആരോപണങ്ങളുണ്ടായിരുന്നതുകൊണ്ട് ഇനി ഒരു നിമിഷംപോലും ഈ നിയമനത്തിന്റെ കാര്യത്തിൽ പബ്ലിക് സർവ്വീസ് കമ്മിഷനുവിട്ടുകൊടുക്കുന്നകാര്യത്തിൽ താമസമുണ്ടാകാൻ പാടില്ലെത്തന്നുള്ളതുകൊണ്ട് ഒരു ആർഡിനൻസുമുഖേന ഇതുനടപ്പാക്കുകയാണു ചെയ്തത്. എന്തുകൊണ്ട് ആർഡിനൻസ് ഇഷ്യുചെയ്തു എന്നുള്ളതിനെ സംബന്ധിച്ചുള്ള സ്റ്റേറ്റുമെന്റ് ഞാൻ ഈ സഭയുടെ മുമ്പിൽവച്ചിട്ടുണ്ട്. അങ്ങനെ പബ്ലിക് സർവ്വീസ് കമ്മിഷനു നിയമനം വിട്ടുകൊടുത്തുകൊണ്ടുള്ള ആർഡിനൻസ് നിലവിൽവന്നു. 1969 ഡിസംബർമാസം 17–ാം തീയതി നടപ്പിൽവന്നു. അതു റീപ്ലേസുചെയ്യുന്നതിനുവേണ്ടിയാണ് ഈ ബില്ല് സഭയുടെ മുമ്പിൽ വന്നിട്ടുള്ളത്. വലിയ തർക്കമൊന്നും ഈ കാര്യത്തിൽ ഉണ്ടാകേണ്ട കാര്യമില്ലെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഈ സഭ ഈ ബിൽ പരിഗണിച്ച് പാസ്സാക്കിത്തരണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഇതു കൺസിഡർ ചെയ്യണമെന്നുള്ള മോഷൻ ഞാൻ അവതരിപ്പിക്കുന്നു.

Shri K. G. Kunjukrishna Pillai: Sir, I move that the Bill be referred to a Select Committee.

സർ, ഈ നല്ലകാര്യം ഗവൺമെന്റ് ചെയ്തതിനു ഗവൺമെന്റിനെ അഭിനന്ദിക്കുകയും കാർപ്പറേഷനു ലഭിച്ചിട്ടുള്ള എൺപതിനായിരത്തോളം അപേക്ഷകളും പബ്ലിക്സർവ്വീസ് കമ്മിഷന്റെ പരിശോധനയ്ക്ക് വിട്ടുകൊടുക്കുകയും ആ അപേക്ഷകളിൽ വളരെയേറെ ആളുകളെ ട്രാൻസ്പോർട്ടു കോർപ്പറേഷന്റെ സെക്ഷൻ ബോഡിനുമുമ്പിൽ ഹാജരായ സമയത്ത് രാഷ്ട്രീയമായ പരിഗണനകളും കൊടുത്തിട്ട് ഉദ്യോഗം നൽകൽ മാറിവയ്ക്കുകയും പലകാരണങ്ങളും പറഞ്ഞ് അവരുടെ അപേക്ഷകളും തിരസ്

LIBRARY ARCHIVES Kerala Legislative Assembly

ക്കരിക്കുകയും ചെയ്തപ്പോൾ ഒരു സെലക്ഷൻ ആവശ്യമായ മാനദണ്ഡങ്ങളൊന്നും പുലർത്താതെ ഓവറേജായ ആളുകളേയും ആവശ്യമുള്ളത്ര പ്രായമെത്താത്ത ആളുകളെയും മറ്റുപല കാരണങ്ങളാലും യോഗ്യയതയില്ലാത്ത ആളുകളേയും നിയമിക്കുന്നതിനു നമ്മുടെ കാർപ്പറേഷനുള്ള ഇവിടെ നിലവിലിരിക്കുന്ന ബാഡി ഒരു വ്യഗ്രതകാണിച്ചതിന്റെ ഫലമായിട്ടാണ് ഈ രാജ്യത്തു മുമ്പെങ്ങും ഉണ്ടാക്കിയിട്ടില്ലാത്തവിധത്തിലുള്ള ഒരു വിമർശനം ഉയർന്നുവന്നത്. അങ്ങനെ ഒരു വലിയ വിമർശനം ഉയർന്നുവന്ന സമയത്ത് രാഷ്ട്രീയ പരിഗണനകൊക്ക് അതീതമായി നിയമസഭയ്ക്ക് അകത്തും പുറത്തും തന്നെ ട്രാൻസ്പോർട്ടു കോർപ്പറേഷനിലേയും അതുപോലെ സംസ്ഥാനത്തു നിലവിലുള്ള എല്ലാ കമ്പനികളിലേയും മറ്റു കാർപ്പറേഷനുകളിലേയും നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മിഷനു വിട്ടുകൊടുക്കണമെന്നുള്ള ഒരു ചർച്ച നമ്മുടെ നിയമസഭതന്നെ ഉൽഘാടനം ചെയ്യുകയുണ്ടായി. സർ, ഇന്ന് കാർപ്പറേഷനുകളെസംബന്ധിച്ചിടത്തോളം, റോഡു ട്രാൻസ്പോർട്ടു കാർപ്പറേഷന്റെ നിയമനം പബ്ലിക് സർവ്വീസ് കമ്മിഷനു വിട്ടുകൊടുത്തുകൊണ്ടുള്ള സർക്കാരിന്റെ തീരുമാനം സ്വാഗതംചെയ്യുന്നതോടൊപ്പം ഈ രാജ്യത്തുള്ള മറ്റു എല്ലാ കാർപ്പറേഷനുകളിലേയും കമ്പനികളിലേയും നിയമനങ്ങൾ അടിയന്തിരമായും പബ്ലിക് സർവ്വീസ് കമ്മിഷനു വിട്ടുകൊടുക്കാനുള്ള ഒരു തീരുമാനം ഈ ഗവൺമെന്റു പ്രഖ്യാപിക്കേണ്ടിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇന്നുകാലത്തു മറുപടി പറഞ്ഞസമയത്ത് അതിനുവേണ്ടത്ര നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുന്നുവെന്നു പറയുകയുണ്ടായി. സർ, ആ നടപടി അടിയന്തിരമായും പൂർത്തീകരിക്കണമെന്നും ഈ നിയമസഭ തീരുന്നതിനുമുമ്പുതന്നെ റോഡു ട്രാൻസ്പോർട്ടു കാർപ്പറേഷനേറതുപോലെതന്നെ മറെറല്ലാ കാർപ്പറേഷനുകളിലേയും കമ്പനികളിലേയും നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മിഷനു വിട്ടുകൊടുത്തുകൊണ്ടുള്ള ഒരാഡിനൻസോ മറ്റു നിയമങ്ങളോ കൊണ്ടുവരാൻ ഒരു ഉത്തരവു പുറപ്പെടുവിക്കാൻ ഗവൺമെന്റു തയ്യാറാകണമെന്നുമാണ് എനിക്ക് ഈ സമയത്തു പറയാനുള്ളത്.

സർ, ഇതിനെസംബന്ധിച്ചു സംസാരിക്കുമ്പോൾ കഴിഞ്ഞ ഒരുദിവസം 240 ദിവസം ജോലിചെയ്തിട്ടില്ലാത്ത ആളുകളെ കാർപ്പറേഷനിൽനിന്നും പിരിച്ചുവിടാനുള്ള നടപടികളെടുത്തിട്ടുണ്ടെന്നു ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടു വകുപ്പുമന്ത്രി ശ്രീ. കെ. എം. ജോർജ്ജ് പറഞ്ഞപ്പോൾ കാൺഗ്രസ്സിന്റെ ലീഡർ ശ്രീ. കരുണാകരൻ ഒരു ചോദ്യം ഉന്നയിക്കുകയുണ്ടായി. അവഹിതമായും അന്യായമായും നിയമനം നടത്തിയിട്ടുള്ള ആരെയും അവർ 240 ദിവസമല്ല കൂടുതൽ ദിവസം സർവ്വീസിലിരുന്നിട്ടുണ്ടെങ്കിലും പിരിച്ചുവിടാൻ മറ്റു യാതൊന്നും തന്നെ ബാധകമല്ലെന്നു ശ്രീമാൻ കരുണാകരൻ പറഞ്ഞു. അപ്പോൾ ബഹുമാനപ്പെട്ട മിനിസ്റ്റർ ശ്രീ. കെ. എം. ജോർജ്ജ് ഇവിടെപ്പറഞ്ഞത് അങ്ങനെയാണെങ്കിൽ അതും പരിഗണിക്കാമെന്നാണ്. സർ, അതിന്റെ ന്യായാന്യായതയെക്കുറിച്ച് സംസാരിക്കാനല്ല ഞാനുദ്ദേശിക്കുന്നതു്. എന്നാൽ തീർച്ചയായും ഈ രാജ്യത്ത് രണ്ടുതരം പൗരൻമാരെയല്ല പലതരം പൗരൻമാരെയും സൃഷ്ടിക്കാനുള്ള ഒരു പ്രവണതയുടെ വ്യക്തമായ ഉദാഹരണമായിരുന്നു റോഡ് ട്രാൻസ്പോർട്ട് കാർപ്പറേഷന്റെ നിയമനമെന്നു പറയുമ്പോൾ അതു വെറും ഒരു സത്യം മാത്രമായിരുന്നു. എനിക്കുതന്നെ നേരിട്ടറിയാമായിരുന്ന, നേരിട്ടറിവുള്ള നമ്മുടെ തന്നെ കൺമുൻപിലുള്ള യോഗ്യതയില്ലാത്ത പലയാളുകളേയും നിയമനം നടത്തുകയും അവർ ബസ്സിൽ പോവുകയും ന്യായീകരിക്കുകയും ചെയ്ത അവസരത്തിലാണ് തീർച്ചയായും ഇതിന് അടിയന്തിരമായും ഒരു നിയമനിർമ്മാണം ആവശ്യമാണെന്ന് എന്നെപ്പോലുള്ള ആളുകൾപോലും ചിന്തിച്ചുതുടങ്ങിയത്. സർ, എൺപതിനായിരത്തോളം ആളുകൾ, ഈ രാജ്യത്തെ അഭ്യസ്തവിദ്യർ, എസ്. എസ്. എൽ. സി. പാസ്സായവരും പ്രീപാസ്സായവരും ബി. എ. പാസ്സായ

LIBRARY ARCHIVES Kerala Legislative Assembly

വരുമായ ആളുകൾ അപേക്ഷകൊടുത്തിരുന്നപ്പോൾ അതിൽ 50 ശതമാനം ആളുകളെപ്പോലും ഇൻറർവ്യൂ നടത്താതെകണ്ടു കുറെയാളുകളെ നിയമിക്കുകയും അവസാനം നിയമിച്ചു നിയമിച്ചുവന്നപ്പോൾ നേരംവെളുത്തുപോയതുകൊണ്ട് പിന്നെ നിയമന ഉത്തരവ് ഇല്ലാതെ ഫോണിൽ വിളിച്ചുപറഞ്ഞു നിയമനങ്ങൾ നടത്തിയകഥകൾ ഇവിടെ കേട്ട സമയത്താണു സർ ഇന്ന് ഈ രാജ്യത്തു നടന്നുകൊണ്ടിരിക്കുന്ന ട്രാൻസ്പോർട്ടു കാർപ്പറേഷന്റെ കീഴിലുള്ള പല സമരങ്ങളുമായിബന്ധപ്പെട്ടിടത്തോളം ആ സമരങ്ങളുടെ സമീപത്തു നിൽക്കുന്ന ചില ബോർഡുകൾ വായിച്ചു നോക്കിയത്. പതിനായിരക്കണക്കിനു ചെറുപ്പക്കാർ, ഈ രാജ്യത്തു ജോലിക്കുവേണ്ടി അപേക്ഷകൊടുത്തിട്ടുള്ള, പതിനായിരക്കണക്കിന് ചെറുപ്പക്കാർ രാഷ്ട്രീയമൊന്നും കാണാതെതന്നെ, രാഷ്ട്രീയമൊന്നും നോക്കാതെതന്നെ, ഈ ബോർഡു വായിക്കുന്ന അവസരത്തിൽ മുമ്പത്തെ ഗവൺമെൻറ് നിയമനത്തെസംബന്ധിച്ചിടത്തോളം എന്താണ് ചെയ്തുകൊണ്ടിരുന്നതെന്നുള്ളതു മനസ്സിലാക്കാനും അവജ്ഞയോടുകൂടി കൂടുതൽ ചിന്തിക്കാനും കാരണമായത്. അങ്ങനെയുള്ള ഈ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെൻറ് അടിയന്തിരമായി ഇങ്ങനെ ഒരു തീരുമാനമെടുക്കാൻ തയ്യാറായത്, ഈ രാജ്യത്തു രണ്ടുതരം പൗരൻമാർ അല്ല ഒരുതരം പൗരൻമാർ മാത്രംമതി എന്നുള്ള തരത്തിൽ ആർഡിനൻസായി നിയമം പുറപ്പെടുവിക്കാൻ തയ്യാറായത്, സ്വാഗതാർഹമായ സംഗതിയാണ്.

ഒരു ഓർഡിനൻസ് കൊണ്ടുവരാതെയിരുന്നുവെങ്കിൽ തീർച്ചയായും ഇതിനു പ്രോൽസാഹനം ലഭിക്കുമായിരുന്നില്ല. അങ്ങനെ ലഭിച്ചില്ലായിരുന്നെങ്കിലും തീർച്ചയായും കൂടുതൽ ചിന്താക്കുഴപ്പം ഉണ്ടാക്കാൻ മാത്രമേസഹായകമായിട്ടുള്ളു. എന്റെ ഒരു സ്നേഹിതൻ, ഈ സർക്കാർ വന്നതിനു ശേഷം അനേകമനേകം ഓർഡിനൻസുകൾ കൊണ്ട് കാര്യങ്ങൾ നിർവ്വഹിക്കുന്ന പ്രവണതയുണ്ട് എന്ന് ഇവിടെപറയുകയുണ്ടായി. ശരിയാണ് സർ, ഈ രാജ്യത്തെസംബന്ധിച്ചിടത്തോളം, ഈ രാജ്യത്തെ ലക്ഷോപലക്ഷം ജനങ്ങളുടെ നൻമയ്ക്കുവേണ്ടി ഓർഡിനൻസുകൾകൊണ്ടുവരുന്ന ഈ ഗവൺമെൻറിന്റെ ഉദ്ദേശശുദ്ധിയെ ഈ രാജ്യത്ത് ആർക്കുംതന്നെ ചോദ്യം ചെയ്യാൻ സാധിക്കുകയില്ല. ഇങ്ങനെയുള്ള ഒരു നിയമനിർമ്മാണത്തിന്റെ പിന്നിൽക്കൂടി ഈ കോർപ്പറേഷനിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മിഷനു വിട്ടുകൊടുത്തത് ഏറ്റവും സ്വാഗതാർഹമായ ഒരു കാര്യമാണ്, സർ, ഇവിടെ ഇപ്പോൾ ഒരു ചോദ്യം ഉയർന്നുവന്നിരിക്കുന്നത് കോർപ്പറേഷനിലുള്ള തൂപ്പുകാരുടേയും മറ്റും നിയമനങ്ങൾ എന്തുകൊണ്ട് പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊടുത്തില്ല എന്നുള്ളതാണ്. എന്റെ ചെറിയ അറിവുവച്ചുകൊണ്ടുപറയുകയാണെങ്കിൽ ഈ രാജ്യത്തെ പബ്ലിക് സർവ്വീസ് കമ്മീഷൻ തോട്ടിയെയും തൂപ്പുകാരെയും പാർട്ടൈം കണ്ടിജൻസി ജീവനക്കാരേയും നിയമിക്കാൻ ഇപ്പോഴും മിനക്കെട്ടിട്ടില്ല, മുമ്പും മിനക്കെട്ടിട്ടില്ല. നാമെല്ലാംകൂടി പത്തുമുപ്പതു മാസം ഭരിച്ചകാലത്തും തോട്ടിയെയും തൂപ്പുകാരെയും പബ്ലിക് സർവ്വീസ് കമ്മിഷൻ നിയമിച്ചിട്ടില്ല.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട മെംബർ ഇത്രയുംനേരം സംസാരിച്ചത് എന്തുകാര്യത്തെക്കുറിച്ചാണ്? ഇതുവരെയും അമൻറുമെൻറ്സ് ഒന്നും മൂവുചെയ്തിട്ടില്ല.

മി. ചെയർമാൻ: (ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി): അമൻറുമെൻറ് മൂവുചെയ്തിട്ടുണ്ട്.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, അങ്ങു കേട്ടുകാണും ഞാൻ കേട്ടില്ല.

ശ്രീ. ഇ. അഹമ്മദ്: സർ, എല്ലാ അമൻറുമെൻറുകളും മൂവുചെയ്തിട്ടില്ല, ഒന്നുമാത്രമേ മൂവുചെയ്തിട്ടുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: ബഹുമാനപ്പെട്ട മെംബർ ശ്രീ. ആർ. എസ്. ഉണ്ണി എന്റെ പ്രസംഗം ഒന്നു വേഗം അവസാനിപ്പിക്കണമെന്നാണ് ഉദ്ദേശിച്ചതെങ്കിൽ ഞാൻ എന്റെ ചർച്ച നീട്ടിക്കൊണ്ടുപോകുന്നില്ല. പല മെംബർമാരും ഈ ചർച്ചയിൽ പങ്കെടുക്കുന്നുണ്ട് എന്നുള്ളതുകൊണ്ടുതന്നെ ഈ ചർച്ച നിയന്ത്രിക്കാൻകഴിയുമെന്നു തോന്നുന്നില്ല. സർ, മാർക്സിസ്റ്റുപാർട്ടിയുടെ ഭാഗത്തുനിന്നും അല്ലെങ്കിൽ പ്രതിപക്ഷ നേതാക്കൻമാരുടെ ഭാഗത്തുനിന്നും ഉയർന്നുവന്നിട്ടുള്ള മുഖ്യമായ വാദഗതി (അതിനു മറുപടിയെന്നുള്ള നിലയിലല്ല ഞാൻ പറയുന്നത്, എന്റെ മനഃസാക്ഷികൊണ്ട് പറയുകയാണ്) ട്രാൻസ്പോർട്ടു കോർപ്പറേഷനിലെ മറ്റു നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മിഷന് വിട്ടുകൊടുത്തപ്പോൾ എന്തുകൊണ്ട് അവിടത്തെ തോട്ടിയുടെ നിയമനക്കാര്യവും തൂപ്പുകാരന്റെ നിയമനക്കാര്യവുംകൂടി പബ്ലിക് സർവ്വീസ് കമ്മിഷന് നിങ്ങൾ വിട്ടുകൊടുത്തില്ല എന്നുള്ളതാണ്. ആകെ കണ്ടുപിടിച്ചിരിക്കുന്ന ഏറ്റവും വലിയ ഒരു പ്രതിഷേധം, ഒബ്ജക്ഷൻ അതുമാത്രമാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞതു തോട്ടിയെയും തൂപ്പുകാരനെയും നിയമിക്കുന്ന കാര്യത്തിൽ മാത്രം അവർക്ക് അവസാനം ഒരു തെറ്റു കണ്ടുപിടിക്കാൻ സാധിച്ചു എന്നത് കഴിഞ്ഞാൽ ഇതിന്റെ പിന്നിലുള്ള ഉദ്ദേശശുദ്ധിയെ ചോദ്യംചെയ്യാൻ നിങ്ങൾക്കു സാധിക്കുകയില്ല. ബഹുമാനപ്പെട്ട നമ്പൂതിരിപ്പാടിന്റെ ഭരണം നടന്നുകൊണ്ടിരിക്കുന്നകാലത്ത്, അദ്ദേഹം മുഖ്യമന്ത്രിയായി ഭരിച്ചുകൊണ്ടിരുന്നകാലത്ത് ഈ രാജ്യത്തുള്ള പല നിയമനങ്ങളും, കോർപ്പറേഷനേറ്റായാലും ശരി കമ്പനികളിലേതായാലും ശരി പബ്ലിക് സർവ്വീസ് കമ്മിഷന് വിട്ടുകൊടുക്കണമെന്ന് ആലോചിച്ചിരുന്നതിന്റെ പുറകിലുള്ള ഒരു തീരുമാനമല്ലേ ഇതെന്നു ചില ആളുകൾ ചോദിക്കുകയുണ്ടായി. പല ചർച്ചകളും പലപ്പോഴും ഇവിടെ നടന്നിട്ടുണ്ട്. സ്വന്തപ്പെട്ട ആളുകൾക്ക് നിയമനം നടത്തിയിട്ടാണ്, അവരെ സർവ്വീസിൽ കയറ്റിയിരുത്തിയശേഷം വേണ്ടിവന്നാൽ ബാക്കിയുള്ള നിയമനം ഇല്ലാതാകുന്ന കാലത്ത് പബ്ലിക് സർവ്വീസ് കമ്മിഷനു വിട്ടുകൊടുക്കാമെന്നുള്ള ഒരു പ്രവണതയായിരുന്നു.....

ശ്രീ. പി. കുഞ്ഞൻ: അതുതന്നെയല്ലേ ബാദിബോർഡിലും മറ്റും.....

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: എന്റെ പാർട്ടിയായാലുംശരി ഏതുപാർട്ടിയായാലുംശരി ചാത്തൻമാസ്റ്റർ ഭരിച്ചാലുംശരി ഇ.പി. ഗോപാലൻ ഭരിച്ചാലുംശരി റോസമ്മ പുന്നൂസ് ഭരിച്ചാലുംശരി എ—യോ ബി—യോ എന്നു നോക്കാതെ ഏതു കോർപ്പറേഷനിലെയും നിയമനങ്ങൾ വ്യക്തമായും അടിയന്തിരമായും പബ്ലിക് സർവ്വീസ് കമ്മിഷന് വിട്ടുകൊടുക്കണമെന്നുള്ള അഭിപ്രായമാണ് ഞാനും എന്റെ പാർട്ടിയും പറഞ്ഞുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട രവീന്ദ്രൻ മുഖ്യമന്ത്രിക്കുവേണ്ടി സംസാരിച്ചസമയത്ത് ഒരു കാര്യം വ്യക്തമാക്കുകയുണ്ടായി. ഈ ഓർഡിനൻസ് നിയമമായി വരുന്നതിനു കാലതാമസം ഉണ്ടാകുകയാണെങ്കിൽ അടിയന്തിരമായി നിയമനങ്ങൾ നടത്തുന്നപക്ഷം ആ നിയമനങ്ങൾ പോലും പി. എസ്. സി. നിയമനങ്ങളിൽനിന്നു യാതൊരുവിധത്തിലും ചോദ്യംചെയ്യപ്പെടരുതെന്നു തീരുമാനിച്ചിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചത് നിങ്ങൾ ഓർക്കുന്നുണ്ടാകും. ബാദിബോർഡിലായാലും ശരി മറ്റെവിടെയായാലും ശരി മുൻഗവൺമെന്റിന്റെ കാലത്തു പല പാർട്ടിനേതാക്കൻമാർ ഉൾക്കൊള്ളുന്ന, ചെയർമാനും മാനേജിംഗ് ഡയറക്ടർമാരുമായ പല പാർട്ടികളും പല കോർപ്പറേഷനുകളും ഉണ്ടാക്കിയിട്ടുണ്ട്. അതെല്ലാം എടുത്ത് പരിശോധിച്ചുനോക്കണമെന്ന് ബഹുമാനപ്പെട്ട മെംബറോട് ഒരു വെല്ലുവിളി എന്നുള്ളനിലയിൽ ഞാൻ പറയുകയാണ്. കേരളത്തിൽ കഴിഞ്ഞ 32 മാസക്കാലത്ത് പല പാർട്ടികളുടെയും

LIBRARY ARCHIVES Kerala Legislative Assembly

നേതാക്കൻമാർ ചേർന്നുകൊണ്ട് നടത്തിയിട്ടുള്ള നിയമനങ്ങളുടെ ലിസ്റ്റ് എടുത്തു വയ്ക്കണമെന്നു ഞാനാവശ്യപ്പെടുകയാണ്. അങ്ങനെ എടുത്തു നോക്കുമ്പോൾ അന്നുനടത്തിയിട്ടുള്ള നിയമനങ്ങളിൽ 90 ശതമാനവും മാർക്സിസ്റ്റുപാർട്ടിയുടെ ആൾക്കാരെക്കൊണ്ടുമാത്രം നിറച്ചിട്ടുള്ളതു വ്യക്തമായി കാണാൻകഴിയുമെന്നാണ് എനിക്കു പറയാനുള്ളത്. അതുകൊണ്ട് ഇത്തരം ചോദ്യങ്ങൾ ഇങ്ങോട്ടു ചോദിച്ച് മായാജാലം കാണിക്കണമെന്നു ഞാനാവശ്യപ്പെടുന്നില്ല. അതിനു നിങ്ങൾ തയ്യാറാകണമെന്നാണ് ഞാനാവശ്യപ്പെടുന്നത്. ഈ ഓർഡിനൻസ് ഇപ്പോൾ ബില്ലായി പാസ്സാക്കണമെന്നുള്ള ഗവൺമെൻറിന്റെ അഭിപ്രായം ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറഞ്ഞിരിക്കുന്നതുകൊണ്ട് ഇത് സെലക്ട് കമ്മിറ്റിക്ക് വിടണമെന്നുള്ള ഉപക്ഷേപം പിൻവലിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. ജി. പുരുഷോത്തമൻ പിള്ള: സർ, ഈ ബിൽ സെലക്ട് കമ്മിറ്റിയ്ക്ക് അയയ്ക്കണമെന്നുള്ള ഭേദഗതിയെ പിന്താങ്ങുന്നു. എല്ലാ കോർപ്പറേഷന്റെയും, അതുപോലെതന്നെ പബ്ലിക്ക് സെക്ടറിലുള്ള വ്യവസായ സ്ഥാപനങ്ങളുടെയും എല്ലാം നിയമനങ്ങളും പബ്ലിക്ക് സർവ്വീസ് കമ്മിഷനു വിട്ടുകൊടുക്കണമെന്നുള്ള ഒരു അഭിപ്രായം ഫലത്തിൽ സ്വീകരിച്ചു കഴിഞ്ഞതായി ഇന്ന് ഗവൺമെൻറ് ഭാഗത്തുനിന്നു പറയുകയുണ്ടായി. അങ്ങനെയാണെങ്കിൽ അതിനെല്ലാം കൂടി ബാധകമായ രീതിയിൽ ഒരു നിയമം കൊണ്ടുവന്നു പാസ്സാക്കുക എന്നുള്ളതായിരിക്കും കുറച്ചുകൂടി യുക്തി. അങ്ങനെ എല്ലാ കോർപ്പറേഷനുകളുടെയും എല്ലാ പബ്ലിക്ക് അണ്ടർ ടേക്കിംഗ്സിലെയും നിയമനങ്ങളും പി.എസ്.സി. ക്ക് വിട്ടുകൊടുത്തുകൊണ്ടുള്ള ഒരു നിയമം പാസ്സാക്കുന്നതിന് എന്താണ് തടസ്സമെന്ന് മനസ്സിലാകുന്നില്ല. ഇവിടെ ശ്രീ. കുഞ്ഞുകൃഷ്ണപിള്ള ചില കാര്യങ്ങളൊക്കെ പറയുകയുണ്ടായി. അങ്ങനെയാണെങ്കിൽ ഓരോ പബ്ലിക്ക് അണ്ടർടേക്കിംഗ്സിലും നടന്നിട്ടുള്ള നിയമനങ്ങളെപ്പറ്റിയെല്ലാം ഒരു അന്വേഷണം നടത്തുന്നതു നന്നായിരിക്കുമെന്നാണ് എന്റെയും അഭിപ്രായം. ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ നിയമനങ്ങളും പബ്ലിക്ക് സർവ്വീസ് കമ്മിഷനു വിട്ടുകൊടുത്തുകൊണ്ടുള്ള ഈ നിയമത്തിൽ ചില അപാകതകളും ഉള്ളതും ചൂണ്ടിക്കാണിക്കാൻ എനിക്കാഗ്രഹമുണ്ട്. ഇതിനകത്ത് നിയമനങ്ങളും പബ്ലിക്ക് സർവ്വീസ് കമ്മിഷനു വിട്ടുകൊടുക്കുകയും അതേ സമയം തന്നെ ആ തത്വത്തെ അന്യഥാകരിക്കുന്നതിനുള്ള ചില റിസർവേഷൻസ് ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. ചില ചില തസ്തികകളിലെ നിയമനങ്ങളും പബ്ലിക്ക് സർവ്വീസ് കമ്മിഷനു വിട്ടുകൊടുത്തിട്ടേയില്ല. വിട്ടുകൊടുത്തിട്ടുള്ളതിൽ ചിലതുതന്നെ കോർപ്പറേഷനു ആ അഭിപ്രായം സ്വീകാര്യമല്ലെങ്കിൽ മറെറാരു നിർദ്ദേശം വയ്ക്കുകയും ഗവൺമെൻറിന്റെ തീരുമാനം അവസാനത്തേതായിരിക്കുമെന്നുള്ള വ്യവസ്ഥകളും കാണുന്നുണ്ട്. ഇതിന്റെയൊക്കെ ആവശ്യമെന്താണ്? ഗവൺമെൻറിനു ഈ കാര്യത്തിൽ ഒരു അവസാന തീരുമാനം എടുക്കാനുള്ള അവകാശം വച്ചുകൊണ്ട്, നിയമനാധികാരങ്ങളെല്ലാം പബ്ലിക്ക് സർവ്വീസ് കമ്മിഷനു വിട്ടുകൊടുത്തിരിക്കുന്നു എന്നു പറഞ്ഞാൽ അതു ശരിയല്ല. പബ്ലിക്ക് സർവ്വീസ്കമ്മിഷനു വിട്ടുകൊടുക്കാനാണ് ഉദ്ദേശമെങ്കിൽ പബ്ലിക്ക് സർവ്വീസ് കമ്മിഷനു വിട്ടുകൊടുക്കുക തന്നെ വേണം. അല്ലാതെ അതിനകത്ത് ഇങ്ങനെയുള്ള കലവറകളും വയ്ക്കുന്നതു സദുദ്ദേശപ്രേരിതമാണെന്നു പറയുക സാധ്യമല്ല. ഈ കാര്യങ്ങളും സൂക്ഷ്മമായി പരിശോധിക്കുന്നതിനും വേണ്ടത്ര വകുപ്പുകളും ഉൾക്കൊള്ളിക്കുന്നതിനും ആവശ്യമായ ഭേദഗതികളും നിർദ്ദേശിക്കുന്നതിനും ഒരു സെലക്ട് കമ്മിറ്റിയുടെ സൂക്ഷ്മമായ പരിശോധന ആവശ്യമാണെന്നുള്ളതു സഭയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.. വി. ആര്യൻ: സർ, എന്റെ അമെൻറുമെന്റ് ഈ ബില്ലിൽ സെലക്ട് കമ്മിറ്റിക്കു വിടണമെന്നുള്ളതാണ്. ഞാൻ ഇതു പറയുമ്പോഴും ഈ ബില്ലിന്റെ ആമുഖംതൊട്ടുതന്നെ മാറ്റി ഖാദി ബോർഡിലെയും ഹാൻഡ്സ് ട്രീസ് കോർപ്പറേഷനിലെയും റബർ ബോർഡിലെയും എല്ലാം നിയമനങ്ങളും പബ്ലിക്ക് സർവ്വീസ് കമ്മിഷനു വിടണമെന്നുള്ള രീതിയിൽ ഈ ബില്ലിന്റെ വകുപ്പുകളും ഉൾപ്പെടുത്തിക്കണമെന്നുള്ളതാണ് എന്റെ ഉദ്ദേശം. സർ, ഈ നിയമനങ്ങളെല്ലാം പബ്ലിക്ക് സർവ്വീസ് കമ്മിഷനു വിടണമെന്നുള്ളതിനെ എനിക്ക് വ്യത്യാസപ്പെടുന്നു പറയുമ്പോഴുമെന്നെ പബ്ലിക്ക് സർവ്വീസ് കമ്മിഷൻ എന്നു പറഞ്ഞാൽ സത്യസന്ധതയുടെയും മര്യാദയുടെയും നീതിയുടെയും ശ്രീകോവിലാണെന്നുള്ള യാതൊരഭിപ്രായവും എനിക്കില്ല. അതുകൊണ്ടല്ല ഞാനിതു പറയുന്നത്. ഇന്നു പല ആളുകളും സംസാരിക്കുന്നത് പബ്ലിക്ക് സർവ്വീസ് കമ്മിഷൻ കറപ്ഷൻ ഓഫീസ് ആണെന്നുള്ള രീതിയിലാണ്. അത് ഒരു പരിശുദ്ധതയുടെ ശ്രീകോവിലാണെന്നുള്ള അഭിപ്രായം എനിക്കില്ല. എങ്കിലും ഒരാൾ എന്നുള്ളതിനു പകരം നിയമനം നാലഞ്ചാളുകൾ പങ്കിട്ടെടുക്കുമെന്നുള്ളതിൽക്കവിഞ്ഞ് അതിൽ ഒരു വിശേഷതയും ഞാൻ കാണുന്നില്ല. വിശേഷതയൊന്നുമില്ല. എന്തായാലും നിയമനങ്ങളെല്ലാം വിട്ടുകൊടുത്തു. എന്റെ സ്നേഹിതൻ കുഞ്ഞുകൃഷ്ണപിള്ള ഇവിടെ സംസാരിച്ചപ്പോൾ അദ്ദേഹത്തിന്റെ ശബ്ദം കേട്ടപ്പോൾ മനസ്സിലായി കുഞ്ഞുകൃഷ്ണപിള്ളയാണ് സംസാരിക്കുന്നതെന്ന്. പക്ഷേ സംസാരത്തിന്റെ സ്വരം കേട്ടപ്പോൾ കരുണാകരനാണോ സംസാരിക്കുന്നതെന്ന് ഞാൻ സംശയിച്ചുപോയി. അതിന് എന്നെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. കൂറുവടിയുമെടുത്ത് അഹിംസാപ്രസംഗവും ചെയ്തുകൊണ്ടു പറയാത്ത കാര്യങ്ങളും പ്രസംഗിക്കുകയും ചെയ്യേണ്ടകാര്യങ്ങളും ചെയ്യാതിരുക്കുകയും ചെയ്യുക എന്നുള്ള നിലപാടു സ്വീകരിച്ചിട്ടുള്ള ഒരു പാർട്ടി ഈ രാജ്യത്ത് നിലനിൽക്കുന്നുണ്ട്. ബഹുമാനപ്പെട്ട കുഞ്ഞുകൃഷ്ണപിള്ള പറഞ്ഞ കാര്യങ്ങളെല്ലാം ശ്രീമാൻ കെ. എം. ജോർജാണു സംസാരിച്ചിരുന്നതെങ്കിൽ അതു മനസ്സിലാക്കാമായിരുന്നു അദ്ദേഹം ആ പാർട്ടിയിൽ നിന്നു ഭിന്നിച്ചുപോയ ആളായതുകൊണ്ട് ആ സ്വഭാവവും പാരമ്പര്യവും തുടർന്നു നിലനിൽക്കും. എന്തായാലും ശ്രീ. കുഞ്ഞുകൃഷ്ണപിള്ളയ്ക്ക് ആ അഭിപ്രായം വന്നത് അവരുമായുള്ള സഹവാസംകൊണ്ടാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് ഇനി കൂടുതൽ കൂടുതലാകുകയും ചെയ്യുമെന്ന് എനിക്കറിയാം. ഈ നിയമനങ്ങളെല്ലാംതന്നെ പി.എസ്.സി.ക്ക് വിട്ടുകൊടുത്തതിനു കാരണമായിട്ട് ബഹുമാനപ്പെട്ട മന്ത്രിയും അദ്ദേഹത്തിനു വേണ്ടി വക്കീലല്ലെങ്കിലും വക്കാലത്തെടുത്തു സംസാരിച്ച കുഞ്ഞുകൃഷ്ണപിള്ളയും പറഞ്ഞത് യോഗ്യതയില്ലാത്ത പലരേയും നിയമിച്ചിട്ടുണ്ടെന്നാണ്. സർ, ഞാൻ അതു സമ്മതിക്കുകയാണ്. അങ്ങനെ പലരേയും നിയമിച്ചിട്ടുണ്ട്. ഇപ്പോഴല്ല, രാജപ്രമുഖന്റെ കാലത്തും രാജാവിന്റെ കാലത്തും. കോവിലകത്തും മറ്റും വീടു പണിക്കു നിന്നിട്ടുള്ള വിരലൊപ്പു മാത്രം ഇടാനറിയാവുന്ന പല ആളുകളും ഇന്ന് ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിൽ ഇരിക്കുന്നുണ്ട്. അന്വേഷിക്കാൻ തയ്യാറുണ്ടെങ്കിൽ തെളിവു തരാൻ ഞാൻ തയ്യാറാണ്. 500--ം, 600--ം രൂപാ ശമ്പളം പറ്റുന്ന, വിരലൊപ്പു മാത്രം ഇടാനറിയാവുന്ന ആളുകൾ കോർപ്പറേഷനകത്തിരിപ്പുണ്ട്. തന്റേടമുണ്ടോ പിരിച്ചു വിടാൻ? ഇവിടെയില്ലാത്ത വ്യക്തികളെക്കുറിച്ചു പറയുമ്പോൾ അതു പറയരുതെന്നു തടഞ്ഞെങ്കിലോ എന്നു വിചാരിച്ചു ഞാൻ പറയാതിരിക്കുകയാണ്. എന്തായാലും ഞാൻ ഒരു പേരു പറയാനാഗ്രഹിക്കുന്നു. ട്രാൻസ്പോർട്ടു കോർപ്പറേഷനിലെ ചീഫ് ഇഞ്ചിനീയറായി ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന കേശവപിള്ളയുടെ പരീക്ഷാ യോഗ്യതയെക്കുറിച്ചന്വേഷിക്കാൻ ബഹുമാനപ്പെട്ട കെ. എം. ജോർജ് തയ്യാറാകുമോ? ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെന്റിൽ ഇന്നു പണിയെടുക്കുന്ന ഒരു ക്ലീനറുടെ മാത്രം യോഗ്യത

യുള്ള ആളെ മെക്കാനിക്കൽ ഇഞ്ചിനീയർ തസ്തികയിലേയ്ക്ക് ഉയർത്തിയതിന്റെ ഫലമായി.....

ശ്രീ. സി. എസ്. നീലകണ്ഠൻ നായർ: സർ, ഒരു ചോദ്യം. നിരുത്തരവാദപരമായി അസത്യപ്രസ്താവന ചെയ്യുന്നതു ശരിയാണോ?

ശ്രീ. എ. വി. ആര്യൻ: അന്വേഷണം നടത്താൻ തയ്യാറുണ്ടെങ്കിൽ തെളിവുതരാമെന്നാണു ഞാൻ പറഞ്ഞത്. എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ തടിതപ്പാൻ ശ്രമിക്കുന്നു. അന്വേഷണം നടത്താൻ തയ്യാറുണ്ടോ എന്നു ചോദിച്ചാൽ തയ്യാറുണ്ടെങ്കിൽ ഉണ്ടെന്നു പറയണം.

ശ്രീ. കെ. ടി. ജോർജ്: ഉദ്യോഗസാഥനെ അറിയുകയില്ല. കാളിഫിക്കേഷൻ അറിയുകയില്ല. ഈ ഉദ്യോഗത്തിന് എന്തു കാളിഫിക്കേഷൻ വേണമെന്നാണ് പ്രിസ്ക്രൈബ് ചെയ്തിട്ടുള്ളത്?

ശ്രീ. എ. വി. ആര്യൻ: അദ്ദേഹത്തിന്റെ സർട്ടിഫിക്കേറ്റ് ചോദിച്ചാൽ വിഷമമാണ്. ട്രാൻസ്പോർട്ടു കോർപ്പറേഷനിലുള്ള പല ക്ലീനർമാരുടെയും യോഗ്യതയാണ്.....

ശ്രീ. കെ. എം. മാണി: ഈ സംഭവം മനസ്സിലാക്കിയത് ഇന്നാണെന്നു തോന്നുന്നു. 32 മാസക്കാലത്തെ ഭരണത്തിനിടയിൽ ഈ സംഭവം അറിഞ്ഞിരുന്നോ?

ശ്രീ. എ. വി. ആര്യൻ: അറിഞ്ഞിരുന്നു. അറിഞ്ഞിരുന്നു, അതിവിടെ പറയുകയും ചെയ്തിട്ടുണ്ട്. ഓർമ്മയില്ലെന്നു നടിക്കുന്ന ആളുകൾ പഴയ റിക്കാർഡെടുത്ത് വായിച്ചു നോക്കിയാൽ മതി. ഈ അസംബ്ലിയിൽത്തന്നെ പറഞ്ഞിട്ടുണ്ട്.

സർ, ഇന്നലെ ഇങ്ങോട്ട് യാത്ര ചെയ്ത സമയത്ത് എന്റെ സ്നേഹിതൻ കെ. എം. ജോർജിനു വേണ്ടി വാദിക്കുന്ന ബഹുമാനപ്പെട്ട മാണിയടക്കം കണ്ണിന്റെ പോളയടച്ചിട്ടുണ്ടോ എന്ന് ഹൃദയത്തിൽ കൈവച്ച് പറയുവാൻ തയ്യാറാണോ? അടച്ചിട്ടില്ല. ഇങ്ങനെയുള്ള ഒരു എഞ്ചിനീയർ ഡിസൈൻ ചെയ്തതാണ് ഈ ഡീലക്സ് ബസ്സ്. സാധാരണ ഫാസ്റ്റ് പാസഞ്ചർ ബസ്സിൽ സഞ്ചരിക്കുമ്പോഴും ഉള്ള അത്ര സൗകര്യംപോലും ഉള്ള ബസ്സ് അല്ല അത്. ഈ രീതിയിൽ ഡിസൈൻ ചെയ്തത് പരീക്ഷായോഗ്യതയില്ലാത്ത ഒരു എഞ്ചിനീയറെ വച്ചതുകൊണ്ടാണ്.....

ശ്രീ. കെ. എം. മാണി: ആര്യൻ പറഞ്ഞ വികാരങ്ങളോടു പരിപൂർണ്ണമായി യോജിച്ചുകൊണ്ട് ചോദിക്കുകയാണ്, ആ ഡീലക്സ് ബസ്സ് ഉടൻതന്നെ നിറുത്തലാക്കണം. അതു ഡിസൈൻ ചെയ്തത് ആരാണ്, ആരാണ് കൊണ്ടുവന്നത്, ഏതു കാലത്താണ്?

ശ്രീ. എ. വി. ആര്യൻ: ഇവിടത്തെ ഇഞ്ചിനീയറാണ് ഡിസൈൻ ചെയ്തത്. യോഗ്യതയില്ലാത്ത ഇഞ്ചിനീയറെ വച്ചതുകൊണ്ടാണ് ഈ രീതിയിൽ ഡിസൈൻ ചെയ്യുവാൻ ഇടയായത്.

ചെയർമാൻ (ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി): ഈ ബില്ല് സബ് കമ്മിറ്റിക്ക് വിടുന്നതിനെക്കുറിച്ചുള്ള ചർച്ചയാണ്.

ശ്രീ. എ. വി. ആര്യൻ: ശ്രീ. കുഞ്ഞുകൃഷ്ണപിള്ള പറഞ്ഞത് ബില്ലിനെ അയയ്ക്കണമെന്നുള്ള വാദമായിരുന്നോ, കുഞ്ഞുകൃഷ്ണപിള്ളയ്ക്ക് ഇതൊക്കെ പറയുവാൻ അവകാശമുണ്ടെങ്കിൽ എനിക്കും ഉണ്ടെന്നാണ് വിശ്വാസം.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെയുള്ള പരീക്ഷാ യോഗ്യതയില്ലാത്ത ആളും വിരൽ അടയാളം വയ്ക്കുവാൻ മാത്രം അറിയാവുന്നവരും അയ ആഫീസർമാർ ഉള്ളതായ സ്ഥാപനത്തിൽ ഇങ്ങനെ യോഗ്യതയില്ലാത്ത ആളുകളെ നിയമിച്ചിട്ടുണ്ടെന്ന് അവർ പറയുന്നതിന്റെ അർത്ഥമെന്താണെന്ന് സർ. പക്ഷെ ഏതു കാലത്താണ് ഇവരെയെല്ലാം നിമയിച്ചത് എന്നു പരിശോധിക്കണം.

ശ്രീ. പി. കെ. രാഘവൻ: വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണ്. 1967-ലെ കണ്ടക്ടർ പോസ്റ്റിലേക്ക് അപേക്ഷ ക്ഷണിക്കുകയും അപേക്ഷ കൊടുക്കുകയും, ഇൻറർവ്യൂവിൽ പങ്കെടുക്കുകയും സെലക്ഷൻ കിട്ടുകയും ചെയ്ത (തേവലക്കര സ്വദേശിയാണ്, അനന്തകൃഷ്ണനെന്നാണ് പേര്, ഹരിജനാണ്) അയാളെ ഡ്രൈവറായി നിയമിച്ചുകൊണ്ട് ഗവൺമെൻറ് ഉത്തരവ് ഇട്ടിട്ടുണ്ട്. ക്ലറിക്കൽ മിസ്റ്റേക്കാണെന്ന് സംശയിച്ചു ചെന്ന അയാളുടെ ആപ്ലിക്കേഷൻ വാങ്ങിച്ചിട്ട് ആ നിയമനം തന്നെ റദ്ദു ചെയ്തത് അയോഗ്യതയുടെ അടിസ്ഥാനത്തിലാണെന്നു വ്യാഖ്യാനം കൊടുക്കാൻ കഴിയുമോ?

ശ്രീ. എ. വി. ആര്യൻ: ബഹുമാനപ്പെട്ട മി. രാഘവൻ ഇത്രയധികം പിന്നിലാണോ നിൽക്കുന്നതെന്നു ഞാൻ സംശയിക്കുന്നു.

ശ്രീ. പി. എസ്. നമ്പൂതിരി: സർ, പിന്നിൽ എന്നുള്ള വാക്ക് ഈ അസംബ്ലിയിൽ ഉപയോഗിക്കുവാൻ പാടുണ്ടോ?

ശ്രീ. പി. കെ. രാഘവൻ: എന്റെ ചോദ്യം വളരെ ശരിയാണ്. അയോഗ്യരായ ആളുകളെ നിയമിച്ചതിനെ സംബന്ധിച്ചാണ് മി. ആര്യൻ പറഞ്ഞത്. 1967-ൽ എസ്.എസ്.എൽ.സി. പാസ്സായി കണ്ടക്ടർ പോസ്റ്റിലേക്ക് അപേക്ഷ കൊടുത്തു, ഇൻറർവ്യൂ നടത്തി ടെസ്റ്റു നടത്തി, സെലക്ഷൻ ലിസ്റ്റു വന്നപ്പോഴും ഡ്രൈവറായിട്ട് നിയമിച്ചിരിക്കുന്നു. ഈ മാന്യനെ സംബന്ധിച്ച് ഞാൻ നിവേദനവുമായി ചെന്നു. ബന്ധപ്പെട്ട മന്ത്രിയെ സമീപിച്ചു. എന്നാൽ ട്രാൻസ്പോർട്ടു കോർപ്പറേഷൻ ആ നിയമനം ക്യാൻസൽ ചെയ്തത് പരീക്ഷായോഗ്യത ഇല്ലാത്തതുകൊണ്ടാണോ എന്നാണ് ചോദ്യം?

ശ്രീ. എ. വി. ആര്യൻ: പിന്നിൽ എന്നുള്ള വാക്ക് അങ് പാർലമെൻറിയാണെന്നാണ് ശ്രീ. പി. എസ്. നമ്പൂതിരി പറഞ്ഞത്. അസംബ്ലിയിൽ ഇങ്ങനെയൊക്കെ പറയുന്നതു തെറ്റാണെന്ന് എനിക്കു തോന്നുന്നില്ല. സർ, ഇവിടെ നിയമിക്കുന്നത് അപേക്ഷകർ പരീക്ഷ പാസ്സായിട്ടുണ്ടോ എന്നു നോക്കാതെ ഗവൺമെൻറിന്റെ ഇഷ്ടാനുസരണമായിരുന്നുവെന്ന് ശ്രീ. രാഘവൻ പറയുന്നതിനെപ്പറ്റി എനിക്ക് ഒന്നും പറയുവാനില്ല.

സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ഈ അസംബ്ലിയിൽ ഒരിക്കൽ പറഞ്ഞു ഡ്രൈവറുടെയും കണ്ടക്ടറുടെയും കുറവ് ഉണ്ടായിട്ടില്ലെന്ന്. ഡ്രൈവറേയും കണ്ടക്ടറേയും പുറത്തുവിട്ടതുകൊണ്ട് കുറവുണ്ടായിട്ടില്ലെന്നാണ് അദ്ദേഹം പറയുന്നത്. അഥവാ വണ്ടി ഓടാതെയിരിക്കുന്നില്ല. 16-1-1970-ൽ ബഹുമാനപ്പെട്ട മന്ത്രിയുടെ വകുപ്പിന്റെ മേധാവി അയച്ച ഒരു ഓർഡർ അങ്ങയുടെ അനുവാദമുണ്ടെങ്കിൽ ഞാൻ ഈ സഭയിൽ വായിക്കാം.

Posting of Conductors and Drivers on overtime basis regarding—

ശ്രീ. കെ. എം. മാണി: ഈ ട്രാൻസ്പോർട്ടു കോർപ്പറേഷൻ നിയമനങ്ങളെല്ലാം പി.എസ്.സി.ക്ക് വിട്ടുകൊടുത്തു എന്നു വച്ച് ഷെഡ്യൂളിന്റെ കാര്യം ശ്രദ്ധിക്കേണ്ടതു ഗവൺമെൻറ് അല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. വി. ആര്യൻ: എത്ര നിന്ദ്യമായ ഒരു വാദമാണ്. നിങ്ങൾക്ക് ഇതു പറയാം. മഞ്ഞപ്പിത്തം പിടിച്ച ആളുകൾക്ക് നോക്കുന്നതെല്ലാം മഞ്ഞയായിട്ടു തോന്നും. അതു എന്റെ കുറ്റമല്ല. 'അവരുടെ കുറ്റമാണ്. ഞാൻ ആ ആർഡർ വായിക്കുവാൻ കാരണം ബഹുമാനപ്പെട്ട മന്ത്രി ഡ്രൈവർമാരുടേയും കണ്ടക്ടർ മാരുടേയും കുറവുകൊണ്ട് ഒരൊറ്റ ബസ്സ്പോലും മുടങ്ങിയിട്ടില്ലെന്നു പറഞ്ഞതുകൊണ്ടാണ്. ശബരിമല സ്പെഷ്യൽ പോയതുകാരണം, ആണ് ആ ഓർഡർ അയയ്ക്കുവാൻ ഇടയായത് എന്നു പറയുന്നത് ശരിയാവില്ല. ശബരിമല സ്പെഷ്യൽ 14—ാം തീയതി തീർന്നു. 15—ാം തീയതി തിരിച്ചു വന്നു. 16—ാം തീയതി പുറപ്പെടുവിച്ച ഉത്തരവാണിത്. ഡ്രൈവർക്കും, കണ്ടക്ടർക്കും ആപ്ലിക്കേഷൻ ക്ഷണിക്കുന്നതിനു വേണ്ടി പ്രത്യേക ഉത്തരവ് ഇടണമെന്ന്. പിരിച്ചുവിട്ടതിന്റെ ഫലമായിട്ട് അന്നു പല ഷെഡ്യൂളുകളും മുടങ്ങിക്കിടക്കേണ്ടിവന്നു. അവരെ എടുക്കണമെന്നാണ്. ഈ അസംബ്ലിയിൽ ചോദ്യത്തിനു തരുന്ന മറുപടി തെറ്റിദ്ധരിപ്പിക്കാതിരിക്കാൻ വേണ്ടിയാണ് ഇതു പറയുന്നത്. നിയമനങ്ങൾ പബ്ലിക്ക് സർവ്വീസ് കമ്മിഷനു വിട്ടുകൊടുക്കുന്നതിനു വിരോധമില്ല. നിയമിച്ച ആളുകളെ പിരിച്ചു വിടുന്നതിനായി എടുത്ത നടപടിക്ക് കാരണമായി പബ്ലിക്ക് സർവ്വീസ് കമ്മിഷന്റെ പേരു പറയുക സ്വന്തം പാർട്ടിയിൽപ്പെട്ടവരെ നിയമിക്കുന്നതിന് വേണ്ടി ഈ ഗവൺമെന്റ് പാവപ്പെട്ടവരെ പിരിച്ചുവിട്ടതു ഭേദകരമായിപ്പോയി. അങ്ങനെ പിരിച്ചു വിട്ടത് അങ്ങയുടെ പാർട്ടിയുടെ പാരമ്പര്യത്തിനു യോജിച്ചതാണെന്നു മാത്രമേ പറയുവാനുള്ളൂ സർ.

മറ്റൊരു സംഗതി ഇവിടെ പറഞ്ഞുവന്നത്, അതിന്റെ തെളിവുകൾ നിയമസഭയിൽ ഹാജരാക്കുവാൻ തയ്യാറാണ് സർ. സിഗററ്റുകൂടിന്റെ പുറത്ത് എഴുതികൊടുത്തിട്ടുണ്ട് സർ, പത്തുരൂപാ ഫീസടച്ച് ടെസ്റ്റിനു ഹാജരായി ടെസ്റ്റിൽ പാസ്സായി ഇരിക്കുന്ന ആളുകൾ ഓർഡറും കാത്തിരിക്കുകയാണ്. ഈ പിരിച്ചു വിട്ട ആളുകളിൽ യോഗ്യതയുള്ള ആളുകൾ ഉണ്ടെങ്കിൽ അവരെ തിരിച്ചെടുക്കുവാൻ തയ്യാറാണോ എന്നു ചോദിക്കുവാൻ ആഗ്രഹിക്കുകയാണ്. സംഗതി പബ്ലിക്ക് സർവ്വീസ് കമ്മിഷന് വിട്ടുകൊടുക്കുവാൻ പോകുന്നുവെങ്കിലും കുറേ നിയമനങ്ങൾക്കുള്ള അധികാരം ഗവൺമെന്റിനും ഉണ്ട്. സിഗററ്റ് കടലാസിന്റെ പുറത്ത് ഓർഡർ എഴുതിക്കൊടുക്കുന്നു. ട്രാൻസ്പോർട്ടു തൊഴിലാളികളുടെ ഇടയിൽ രണ്ടുതരം പൗരത്വം ഉണ്ടെന്നു ശ്രീ. കുഞ്ഞുകൃഷ്ണപിള്ള പറയുന്നു. ഉണ്ട് സർ, രണ്ടുതരം പൗരത്വം കൊണ്ടു വന്നത് ആരാണ്? രണ്ടു തരം പൗരത്വം കൊണ്ടുവന്നവർ തന്നെ അതു നിറുത്തണമെന്ന് ഉപദേശിക്കുകയും ചെയ്യണം. ഇപ്പോൾ ഈ നിയമസഭാതലത്തിൽ വച്ചു ചോദിക്കുവാൻ കഴിയുകയില്ലെങ്കിൽ പുറത്തുചെന്ന് അങ്ങയുടെ പാർട്ടി സെക്രട്ടേറിയറ്റിൽ പോയി ചോദിക്കണം. സർ, ബഹുമാനപ്പെട്ട ടി. വി. തോമസ് 59—ൽ ട്രാൻസ്പോർട്ടു മന്ത്രിയായിരുന്ന കാലത്ത് ആണ് ട്രാൻസ്പോർട്ടിനകത്തു രണ്ടുതരം പൗരത്വം ഉണ്ടാക്കിയത്.

പി.എസ്.സി. വഴി നിമയിക്കുന്നവരും അല്ലാത്തവരുമായ ആളുകളെ സൃഷ്ടിച്ചത് ഭേദകരമല്ലേ എന്നു ചോദിച്ചാൽ മതി. അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട ആളുകൾ അതിന്റെ നേതൃത്വത്തിലുള്ള യൂണിയനുകളിൽ ഉള്ള ആളുകൾ അവർ വന്നാൽ കാര്യം സാധിച്ചുകൊടുക്കുവാനുള്ള ഏർപ്പാട് അന്നും ഉണ്ടായിരുന്നു. ഇതിനകത്ത് തൊഴിലാളികളുടെ അവകാശങ്ങൾ നിഷേധിച്ചു എ ട്ട് എഴുതി വയ്ക്കുവാൻ തയ്യാറാണ് സർ. ഞാൻ ഒരു ഉദാഹരണം പറയുകയാണ്, എറണാകുളം ഫാസ്റ്റ് പാസഞ്ചറിലെ കണ്ടക്ടർക്കും ഡ്രൈവർക്കും മൂന്നുതവണ ഓവർടൈം അനുവദിക്കുമ്പോൾ ഡീലക്സ് ബസ്സ് ഓടിക്കുന്നവർക്ക് വെറും രണ്ടു ഡ്യൂട്ടിമാത്രം അനുവദിക്കുന്നത് ആവർത്തിക്കുവാൻ കൊള്ളാത്തതുകൊണ്ട് ആ രീതി മാറണമെന്നു ട്രാൻസ്പോർട്ടിലെ തൊഴിലാളി

LIBRARY ARCHIVES Kerala Legislative Assembly

കരം ആവശ്യപ്പെട്ടു. അത് ഇതുവരെ മാറിക്കൊടുത്തിട്ടില്ല സർ. എത്രയോ പ്രാവശ്യം നിവേദനം നടത്തിയിട്ടുണ്ട്. എത്രയോ പ്രാവശ്യം ജനറൽ മാനേജരുടെ അടുത്തു പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട ടി. വി. തോമസ് മന്ത്രിയായിരുന്ന കാലം മുതൽക്കു നിവേദനം നടത്തിയതാണ്. ഇതുവരെ അനുവദിച്ചുകൊടുത്തിട്ടില്ല.

ശ്രീ. ബേബി ജോൺ: ആ കാര്യത്തിൽ നിങ്ങളും രണ്ടുകൂട്ടരും യോജിച്ചിരിക്കുകയാണല്ലോ?

ശ്രീ. എ. വി. ആര്യൻ: ബഹുമാനപ്പെട്ട കെ. എം. ജോർജിനെ പൊടിപ്പിക്കുവാൻ വേണ്ടി ഞാൻ ഒന്നും പറയുന്നില്ല. ശ്രീമാൻ കുഞ്ഞുകൃഷ്ണപിള്ള നിങ്ങളുടെ പാരമ്പര്യം അനുസരിച്ചാണ് അങ്ങനെ പറഞ്ഞിട്ടുള്ളത്. കുഞ്ഞുകൃഷ്ണപിള്ള അഖിലേന്ത്യാ പാർട്ടിയിൽപ്പെട്ട ആളാണെന്നും തൊഴിലാളികളുടെ പാർട്ടിയാണെന്നും പറഞ്ഞുനടക്കുകയാണ്. അതുകൊണ്ട് അതു പറയേണ്ടതാണ്. മുഖ്യമന്ത്രി അച്ചുതമേനോൻ തന്നെ പറഞ്ഞതാണ്, ശ്രീമാൻ കുഞ്ഞുകൃഷ്ണപിള്ള അത് അംഗീകരിച്ചതാണ്. അത് അങ്ങനെ നിൽക്കട്ടെ.

ടെസ്റ്റു കഴിഞ്ഞ് ടെസ്റ്റിൽ പാസ്സായി ജോലിക്ക് ജോയിൻ ചെയ്യണമെന്നുള്ള ഓർഡർ കിട്ടിയവർ ഈ പിരിച്ചു വിട്ടവരുടെ കൂട്ടത്തിൽ ഉണ്ട്. അവരുടെ പേരിൽ അന്വേഷണം നടത്തുവാൻ തയ്യാറുണ്ടോ? ഹാജരാക്കാൻ എന്റെ കൈയിൽ അതിന്റെ രേഖകളും ഉണ്ട്. 700–ൽപ്പരം ട്രാൻസ്പോർട്ടു തൊഴിലാളികളെ പിരിച്ചു വിട്ടതു രാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ്. തെളിവു കൊടുക്കാൻ തയ്യാറാണ്. അങ്ങനെയുള്ള ആളുകളെ പിരിച്ചു വിട്ടിട്ടുണ്ട്. ഇവരെയെല്ലാം പിരിച്ചു വിട്ടത് പബ്ലിക് സർവ്വീസ് കമ്മിഷനു വിടുന്നതിനു വേണ്ടിയാണെന്നു ബഹുമാനപ്പെട്ട മന്ത്രി ഒരു വാദഗതി ഉന്നയിച്ചു.

ഇങ്ങനെയുള്ള വാദഗതികളും ഉന്നയിക്കുമ്പോഴും, ഓരോ ഗവൺമെന്റ് മാറിവരുമ്പോഴും ആളുകളെ പിരിച്ചു വിടുകയാണെങ്കിൽ, നിങ്ങളുടെ ആളുകളും മാത്രമേ വരാവൂ എന്നില്ല; ഭരണഘടനപ്രകാരം 5 കൊല്ലമാണ് അസംബ്ലിയുടെ കാലാവധി; എങ്കിലും കേരളത്തിൽ രണ്ടുകൊല്ലവും മൂന്നുകൊല്ലവും ഇരുപത്തിരണ്ടു മാസവും ഇരുപത്തെട്ടുമാസവും മുപ്പത്തിരണ്ടുമാസവും ഒക്കെ ആകാറുണ്ട്. ഓരോ ഗവൺമെന്റു വരുമ്പോഴും മുൻപുണ്ടായിരുന്ന ഗവൺമെന്റിന്റെ ആർഡറുകളെ പുല്ലാക്കിത്തള്ളികൊണ്ട്, പുതിയ നിയമനങ്ങളും നടത്തുന്നതിനു വേണ്ടി പിരിച്ചുവിട്ടുകൊണ്ടു നിയമിക്കുകയാണെങ്കിൽ ഇനി വരുന്ന ഗവൺമെന്റ് അവരെ പിരിച്ചു വിടുകയില്ലേ?

ശ്രീ. കെ. കരുണാകരൻ: മുൻപുണ്ടായിരുന്ന ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴും, മുൻ ഗവൺമെന്റ് നിയമിച്ചവരെയാളുകളെ പിരിച്ചു വിട്ടതും പ്രമോഷൻ കൊടുത്തതും ക്യാൻസൽ ചെയ്തതും ഇത്ര വേഗം മറന്നു പോയോ?

ശ്രീ. എ. വി. ആര്യൻ: പിരിച്ചുവിട്ടെന്നു കരുണാകരനെപ്പോലുള്ളവർ പറയുന്നതാണു രസം. ആശുപത്രി തൂക്കുന്ന 90–ം, 100–ം രൂപാ ശമ്പളക്കാരെ രക്തം പരിശോധിച്ചു പിരിച്ചു വിട്ട ആളുകളാണ് കരുണാകരന്റെ ആളുകളും. അപ്പുറത്തിരിക്കാൻ പറയാതെ ഇപ്പുറത്തു വന്നപ്പോഴും മറന്നുപോയിരിക്കും. കഴിഞ്ഞ കാര്യങ്ങളും ഓർമ്മിക്കുന്നതാണ് നല്ലത്. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. ഞങ്ങളുടെ നേരെ മെക്കിട്ടു കേറാതിരിക്കുകയാണ് നല്ലത്; അധികം കടന്നു പറയാതിരിക്കുന്നതാണു നല്ലത് എന്നാണ് എന്റെ വിനീതമായ അഭിപ്രായം. പുത്തൻ സംബന്ധങ്ങളുടെ പേരിൽ ഒന്നും പറയാതിരിക്കുന്നതാണു നല്ലത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബി ജോൺ: പുത്തൻ ബന്ധങ്ങൾ എന്നു പറഞ്ഞത് എന്താണ്?

ശ്രീ. എ. വി. ആര്യൻ: നിലാവത്തുള്ള ബന്ധങ്ങൾ തന്നെ. നല്ല നിലാവത്തുള്ള ബന്ധങ്ങളാകുമ്പോൾ കുറേ നന്നായിരിക്കും.

ശ്രീ. എ. വി. ആര്യൻ: നല്ല നിലാവത്തുള്ള ബന്ധമാകുമ്പോൾ കുറേക്കൂടി നന്നാകും.

ശ്രീ. ബേബി ജോൺ: നിലാവത്തുള്ള ബന്ധം എന്നുള്ളത് ഒന്നു വിശദീകരിക്കാമോ?

ശ്രീ. എ. വി. ആര്യൻ: പറയാൻ എന്നെ അനുവദിക്കുമെന്നുണ്ടെങ്കിൽ പറയാം.

ചെയർമാൻ: വേണ്ട.

ശ്രീ. എ. വി. ആര്യൻ: വേണ്ടേ? എങ്കിൽ വേണ്ട. അതുകൊണ്ടു ഞാൻ പറയുന്നില്ല.

സർ, ഈ ഗവൺമെൻറു രൂപീകരിച്ച ഉടനേതന്നെ ബഹുമാനപ്പെട്ട അച്യുതമേനോൻ കോൺഗ്രസ്സുമായി ബന്ധമില്ല എന്നും, ഇപ്പുറത്തിരിക്കുന്ന ആളുകളും, കോൺഗ്രസ്സുമായി ബന്ധമുണ്ട് എന്നും പറഞ്ഞു. ഉണ്ടെന്നു പറയാൻ ധൈര്യമില്ലാത്ത കരുണാകരനും ഉണ്ടെന്നു പറയാൻ ധൈര്യമില്ലാത്ത അച്യുതമേനോനും അദ്ദേഹത്തിന്റെ ആളുകളും ഉണ്ടായിരുന്നു. അങ്ങനെ പലതും സംഭവിക്കുകയുണ്ടായി. പുറത്തു പറയാതിരുന്നാൽ കുറേ മാസങ്ങൾ കഴിയുമ്പോൾ പുറത്തു വരണം. ആ അവിഹിതബന്ധങ്ങൾ ഈ നിയമസഭാതലത്തിൽ..... എന്നെക്കൊണ്ടു പറയിക്കുകയാണ്; ആ റഫറൻസ് ഇതിൽ കൂട്ടിച്ചേർക്കണ്ടെങ്കിൽ ചേർക്കണ്ട.....പറഞ്ഞുപോകുകയാണ്, ആ അവിഹിതബന്ധങ്ങളെക്കുറിച്ച്.....നിലാവത്തുള്ള ബന്ധങ്ങൾ ആകുമ്പോൾ ഇങ്ങനെയൊക്കെയാണ്.

ഇതൊക്കെ പറയാൻ എനിക്കു വളരെ വേദനയുണ്ട്. അതുകൊണ്ടു ചോദ്യങ്ങൾ ചോദിച്ച് ഇതിങ്ങിനെ നീട്ടിക്കൊണ്ടുപോകാതിരിക്കാൻ എന്റെ സ്നേഹിതൻമാർ ശ്രമിക്കണമെന്നു ഞാൻ പറയുകയാണ്.

സർ, മറെറാരു സംഗതി പറയാനുണ്ട്.

ചെയർമാൻ: ബില്ല് സെലക്ററ് കമ്മിററിക്ക് അയയ്ക്കണമെന്ന് ആവശ്യപ്പെടുന്നില്ലേ?

ശ്രീ. എ. വി. ആര്യൻ: ഇതിനെ താങ്ങിനിറുത്തുന്നതായിട്ടാണ് അപ്പുറത്തുള്ളവർ സംസാരിച്ചത്. ചോദ്യങ്ങൾ ചോദിക്കാതിരുന്നാൽ ഇതൊന്നും പറയുകയില്ല. ചോദ്യങ്ങൾ ചോദിച്ചാൽ അതിനൊക്കെ മറുപടി പറയുക എന്ന ഒരു ദൗർബല്യം എനിക്കുണ്ട്. ഞാൻ വലിയ സാഹിത്യകാരനൊന്നുമല്ലാത്തതുകൊണ്ട് ഇങ്ങനെയൊക്കെ.....സാധാരണ ഞങ്ങളുടെ സമുദായത്തിന്റെ ഇടയിൽ കാലത്തെ പട്ടി എന്നു പറയുകയില്ല, ശ്വാവ് എന്നേ പറയുകയുള്ളൂ. രണ്ടു വിധത്തിൽ പറഞ്ഞാലും അതിന്റെ സ്വഭാവം ഒന്നാണ്. സംസ്കൃതത്തിൽ പറഞ്ഞതുകൊണ്ടു സ്വഭാവം മാറുകയില്ല. പാരമ്പര്യവും മാറുകയില്ല. കുറേക്കാര്യങ്ങൾ ഞാൻ പച്ചയ്ക്കു പറഞ്ഞുവെന്നേ ഉള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. എസ്. ഉണ്ണി: പാരമ്പര്യത്തെക്കുറിച്ചു പറഞ്ഞു. അപ്പു റത്തിരിക്കുന്നവരുടെ പാരമ്പര്യത്തെപ്പറ്റിയാണോ ശ്രാവ് എന്നും പട്ടി എന്നും ഒക്കെ പറഞ്ഞത്?

ശ്രീ. എ. വി. ആര്യൻ: ബഹുമാനപ്പെട്ട ഉണ്ണി ചോദിച്ചതുകൊണ്ട് പറയുകയാണ്, ഞങ്ങൾക്കു പഴയ പാരമ്പര്യമാണുള്ളത്. ബഹുമാനപ്പെട്ട ഉണ്ണി ഇപ്പോൾ എത്ര പാർട്ടി മാറി?

ശ്രീ. പി. കെ. രാഘവൻ: സമുദായത്തെപ്പറ്റി പറഞ്ഞതു മനസ്സിലാ യില്ല. 'ആര്യ' സമുദായമെന്നാണോ?

ശ്രീ. എ. വി. ആര്യൻ: കേട്ടില്ല.

ശ്രീ. പി. കെ. രാഘവൻ: ഞങ്ങളുടെ സമുദായം എന്നു പറഞ്ഞു ഏതു സമുദായമാണെന്നു മനസ്സിലായില്ല, മനസ്സിലാക്കാൻവേണ്ടി ചോദിക്കുക യാണ്.

ശ്രീ. എ. വി. ആര്യൻ: അങ്ങനെ മനസ്സിലാക്കിയാൽമതി. ശ്രാവ് എന്നൊക്കെ പറയുന്ന സമുദായം എന്നു മനസ്സിലാക്കിയാൽമതി. ആ സമു ദായം ഏതെന്നു രാഘവൻ ആലോചിച്ചാൽമതി.

ശ്രീ. പി. കെ. രാഘവൻ: മനസ്സിലായില്ല.

ശ്രീ. എ. വി. ആര്യൻ: അങ്ങനെ ചിലയാളുകളും ഉണ്ട്. അതു പോലെ, ബഹുമാനപ്പെട്ട നമ്മുടെ മന്ത്രി കൊടുത്തിട്ടുള്ള ഉത്തരം ഈ നിയമസഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ളതായതുകൊണ്ടു പറയേണ്ടി വരുന്നതാണ്, പിരിച്ചുവിട്ടിട്ടുള്ള തൊഴിലാളികളിൽ പരീക്ഷായോഗ്യതയുള്ള ആളുകളും ഉണ്ട്, ഡിപ്ലോമാക്കാരുണ്ട്, ഐ. ടി. ഐ. പാസ്സായ ആളുകളുണ്ട്. അവരുടെ കൈയിൽ രശീതി ഉണ്ട്, അപ്ലിക്കേഷന്റെ ഇൻറർവ്യൂ നടന്നിരുന്നു, ടെസ്റ്റ് നടന്നിരുന്നു. ഇതെല്ലാമുള്ള ആളുകളെയാണ് പിരിച്ചുവിട്ടത്. അവരെല്ലാം പരീക്ഷായോഗ്യതയോടുകൂടി അപ്ലിക്കേഷൻ കൊടുത്തവരാണ്. അന്നത്തെ ഗവൺമെൻറ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ നിന്ന് എടുക്കരു തെന്ന് ഉത്തരവിട്ടിട്ടുണ്ട്. ആ നിർദ്ദേശമനുസരിച്ചു അടിയന്തിരമായി ആവശ്യം വന്ന അവസരത്തിൽ ആളുകളെ റിക്രൂട്ടു ചെയ്തിട്ടുണ്ട്. ഇന്നു ജോലിയിലി രിക്കുന്നവർ പഴയ ആളുകൾതന്നെയാണ്. അങ്ങനെ ഇന്നു പുതിയ ആളുകളെ ജോലിയിൽനിന്നു പിരിച്ചുവിട്ടു പഴയ ആളുകളും ജോലിചെയ്യുന്നതിന്റെ ഫലമായി തൃശ്ശൂർ ജില്ലയിൽ മാത്രം 17 സർവ്വീസ് ക്യാൻസൽ ചെയ്യേണ്ടി വന്നു. ക്രൂ ഇല്ലാത്തതുകൊണ്ട് 17 സർവ്വീസ് ക്യാൻസൽ ചെയ്യേണ്ടിവന്നു എന്നു പറഞ്ഞാൽ നിങ്ങൾ അന്വേഷിക്കുമോ? വണ്ടി കൾ ബ്രേക്ക് ഡൗണായി എല്ലാംതന്നെ ഷെഡ്ഡിൽ കിടക്കുകയാണ്. തൃശ്ശൂർ ട്രാൻസ്പോർട്ട് സ്റ്റാൻഡിൽക്കയറി നോക്കിയാൽ നേരിട്ടു കാണാം. മെക്കാനിക്കുകളും ഇല്ല. സ്പാനറിനു എത്ര തലയുണ്ട് എന്നു അറിയാൻപാടില്ലാത്തവ രാണുള്ളത്. സ്പാനർ എന്നു ശരിക്കു പറയാൻ അറിഞ്ഞു കൂടാത്ത ഫോർ മാൻമാരാണു ഉള്ളത്. ട്രാൻസ്പോർട്ടിൽ പണ്ടു ജോലിചെയ്തവർ, ചിറ്റുകൊടുത്ത യച്ച്, സിഗററ്റുകുറ്റിയുടെ പുറത്തോ വേറെ എന്തിന്റെയെങ്കിലും പുറത്തോ ചിറ്റെഴുതിക്കൊടുത്തു നിയമിച്ച ധാരാളം ആളുകളും ട്രാൻസ്പോർട്ടിൽ ഉണ്ട്. അവരെയെല്ലാം പിരിച്ചുവിടാൻ കെ. എം. ജോർജ് തയ്യാറാകുമോ എന്നറിഞ്ഞു കൂടാ. അതുകൊണ്ടു പിരിച്ചുവിട്ട ആളുകളെ എല്ലാം തിരിച്ചെടുക്കണമെന്നാണ് എനിക്കു പറയാനുള്ളത്. ഇനിയും ധാരാളം ആളുകളെ ആവശ്യമുണ്ട്. അതു കൊണ്ട് ആ ആളുകളെ എടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. ദിവാകരൻ: എൺപത്തോരായിരം പേരുടെ അപേക്ഷ ഇരിക്കുമ്പോഴും കുറേ ആളുകളെ നിയമിക്കാൻ പ്രത്യേക കാരണം വല്ലതും ഉണ്ടായിരുന്നോ?

ശ്രീ. എ. വി. ആര്യൻ: എൺപത്തോരായിരം എന്നു ബഹുമാനപ്പെട്ട ദിവാകരൻ എവിടെനിന്നു കണക്കാക്കി? എന്റെ അഭിപ്രായത്തിൽ, അതിൽക്കൂടുതൽ ഉണ്ടായിരുന്നു. പക്ഷേ എടുത്ത ആളുകളെ മുഴുവൻ നിയമിക്കുന്ന പതിവ് എവിടെയുണ്ട്? പരിശുദ്ധമാണ്, സത്യത്തിന്റെ ശ്രീകോവിലാണ്. സത്യസന്ധതയുടെ ശ്രീകോവിലാണ് എന്നു പറയുന്ന പബ്ലിക് സർവ്വീസ് കമ്മിഷൻ എത്ര ശതമാനം എടുക്കാറുണ്ട്? പക്ഷേ എടുത്ത ആളുകളെ മുഴുവൻ നിയമിക്കും എന്നുള്ള ധാരണയുണ്ടായിരുന്നു എന്നുള്ളതു ബഹുമാനപ്പെട്ട ദിവാകരന് അറിഞ്ഞുകൂടാ. എമർജൻസിയിൽ ആളുകൾ ആവശ്യമായി വരുന്ന അവസരത്തിൽ, നിർവാഹമില്ലാതെ വരുമ്പോൾ, ക്രൂ ആവശ്യമായി വരുമ്പോൾ, മെക്കാനിക്കുകൾ ആവശ്യമായിവരുമ്പോൾ നിയമിക്കേണ്ടതുണ്ട്. ഇന്നും തൃശ്ശൂർ 32 ആളുകളുടെ കുറവുണ്ട്, തൃശ്ശൂർ മാത്രം. അങ്ങനെയുള്ള പരിതഃസ്ഥിതികളിലെല്ലാംതന്നെ ആളുകളെ എടുത്തിട്ടുണ്ട്.

ശ്രീ. എം. കെ. ദിവാകരൻ: പക്ഷേ ഇൻറർവ്യൂ ഇല്ലാതെയല്ലേ മറ്റുള്ളവരെ നിയമിച്ചത്. പബ്ലിക് സർവീസ് കമ്മിഷൻ അതൊക്കെ ചെയ്യുകയില്ല.

ശ്രീ. എ. വി. ആര്യൻ: ഞാൻ മുൻപേ പറഞ്ഞതാണ്. ദിവാകരൻ ആ സമയത്ത് ഉറങ്ങുകയായിരുന്നു എന്നു തോന്നുന്നു. ബഹുമാനപ്പെട്ട ദിവാകരൻ നിർബന്ധിച്ച്, കെ. എം. ജോർജിനെക്കൊണ്ട് അവരെ തിരിച്ചെടുക്കാൻ തയ്യാറാകുമോ എന്നാണ് എനിക്കു ചോദിക്കാനുള്ളത്. എല്ലാവർക്കും അറിയാം നിയമിക്കാനുണ്ടെന്ന്. കുറേ അപേക്ഷകരെ എന്റെ കൈവശമുണ്ടെന്നു പറഞ്ഞു. ഹാജരാക്കാൻ തയ്യാറാണെന്നും പറഞ്ഞു. ആ സമയത്തു ദിവാകരൻ ഉറങ്ങുകയായിരുന്നു.

ശ്രീ. പി. കെ. രാഘവൻ: ഒരു സംശയം. ഇൻറർവ്യൂ നടത്തിയിട്ടു അപേക്ഷകരിൽ ഹരിജനങ്ങളെ ഇല്ലാതിരുന്നതുകൊണ്ടാണോ അവർക്ക് 10 ശതമാനം കൊടുക്കണമെന്ന റിസർവേഷൻ തത്വം 3 ശതമാനമായി കുറഞ്ഞു പോയത്?

ശ്രീ. എ. വി. ആര്യൻ: ഹരിജനങ്ങളിൽനിന്നു എടുത്തിട്ടുള്ളവർ കുറവായിരിക്കാം. അല്ലെന്നു ഞാൻ പറയുന്നില്ല. കമ്മിറ്റി ഉണ്ട്; കമ്മിറ്റിയുടെ ചെയർമാൻ ഉണ്ട്, മെക്കാനിക്കൽ എൻജിനിയർമാരുണ്ട്; നിങ്ങൾ ഇവിടെ വാദിക്കുന്നതുപോലെ സവർണ്ണമേധാവിത്വം ഉണ്ട്. ഹരിജനങ്ങളുടെ കാര്യത്തിൽ റിസർവേഷൻ അനുസരിച്ചോ അതിൽക്കൂടുതൽ രണ്ടു ശതമാനമോ അതിൽക്കൂടുതലോ കൊടുക്കുന്നതിൽ ഞാൻ എതിരല്ല. കൊടുക്കേണ്ടതുമാണ്. പക്ഷേ റിസർവേഷന്റെ കാര്യത്തിൽ മാത്രമാണു പിരിച്ചുവിട്ടതെന്ന് ശ്രീ. രാഘവൻ വാദിക്കുകയാണെങ്കിൽ എത്ര ഹരിജനങ്ങളെ ജോലിയിൽനിന്നു പിരിച്ചുവിട്ടിട്ടുണ്ട്?

ശ്രീ. ആർ. എസ്. ഉണ്ണി: ഒരു ചോദ്യം. ഇപ്പോൾ പിരിച്ചുവിട്ടിട്ടുള്ള എല്ലാ ആളുകളും റോഡ് ട്രാൻസ്പോർട്ടു കോർപ്പറേഷനിലെ സ്റ്റാൻഡിംഗ് ആർഡറനുസരിച്ചു റിക്രൂട്ടുമെൻറു ബോർഡ് സെലക്ഷൻ ചെയ്തു നിയമിച്ചിട്ടുള്ളവരാണോ? റെഗുലറായി അപ്പോയിൻറ്മെൻറ് നടത്തിയിട്ടുള്ളവരാണോ?

ശ്രീ. എ. വി. ആര്യൻ: തെളിവുകളുണ്ടെന്നു ഞാൻ പറഞ്ഞതാണ്. ഉറങ്ങുന്നവനെ ഉണർത്താം, ഉറക്കം നടിക്കുന്നവരെ ഉണർത്താൻ കഴിയുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട ഉണ്ണിക്കു് ആവശ്യമാണെങ്കിൽ തെളിവു ഹാജരാക്കാം. ഇതെല്ലാം പറഞ്ഞിട്ടും ഉണ്ണിക്കു മനസ്സിലാകാതെ പോയതു വേനൽക്കാലത്തെ ചൂടു് അധികമായതുകൊണ്ടാണെന്നാണു ഞാൻ വിചാരിക്കുന്നതു്.

ശ്രീ. ഇ. അഹമ്മദു്: ഒരു ചോദ്യം.

ശ്രീ. എസ്. രാമോദരൻ: പിരിച്ചുവിട്ടവരിൽ ഹരിജനങ്ങളുണ്ടോ?

ശ്രീ. ഇ. അഹമ്മദു്: ഉറങ്ങുകയൊന്നുമല്ലായിരുന്നു, മനസ്സിലാകാത്തതുകൊണ്ടു ചോദിക്കുകയാണു്. റോഡു് ട്രാൻസ്പോർട്ടുകോർപ്പറേഷനിലെ നിയമനങ്ങളും പബ്ലിക് സർവീസ് കമ്മിഷനു വിട്ടുകൊടുക്കണമെന്ന തീരുമാനത്തോടു് ബഹുമാനപ്പെട്ട മെമ്പർ അനുകൂലിക്കുന്നുണ്ടോ?

ശ്രീ. എ. വി. ആര്യൻ: വിട്ടുകൊടുക്കണമെന്നു പറഞ്ഞിട്ടു വിട്ടുകൊടുക്കാതിരിക്കുന്ന പണിയാണിതു്.

ശ്രീ. എ. കെ. അപ്പു: പിരിച്ചുവിട്ട ആളുകൾക്കു നിയമന കല്പന കിട്ടിയിട്ടുണ്ടോ, അവരെ ഹാജരാകാൻ ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. വി. ആര്യൻ: യാതൊന്നും ചോദിച്ചിട്ടില്ല. ഞാൻ ആ വിഷയത്തിലേക്കു വരികയാണു് ട്രാൻസ്പോർട്ടിൽനിന്നു് ആളുകളെ പിരിച്ചു വിട്ടതിൽ ഹരിജനങ്ങളോടു് ശ്രീ. രാഘവനു സ്നേഹംതോന്നിയതു നല്ലതാണു്. പിരിച്ചുവിടപ്പെട്ടവരിൽത്തന്നെ ഹരിജനങ്ങളും ധാരാളമുണ്ടു്. അവരുടെ പേരും അഡ്രസും തരാൻ ഞാൻ തയ്യാറാണു്. അവരെ തിരിച്ചെടുപ്പിക്കാനുള്ള ഒരു ശ്രമം നടത്തുന്നതിനു ശ്രീ. രാഘവൻ തയ്യാറാകുമോ? മറെറാന്നു്, ഈ നിയമനങ്ങളെ സംബന്ധിച്ചിടത്തോളം തെറെറായിട്ടാണോ ശരിയായിട്ടാണോ എന്നുള്ളതിനു് ഇപ്പോഴും അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണു്. ആ അന്വേഷണത്തിൽ ചോദിച്ചിരിക്കുന്നതു നിങ്ങൾക്കു് ആർഡർ കിട്ടിയിട്ടുണ്ടോ, ആരുടെ മുൻപിൽ ഹാജരാകുന്നതിനാണു് ആർഡർ കിട്ടിയിട്ടുള്ളതു്, നിങ്ങൾക്കു് എത്ര സഹോദരിമാരുണ്ടു്, അതിൽ പ്രായമായവരെത്രയുണ്ടു്, എന്നിങ്ങനെയുള്ള ചോദ്യങ്ങളാണു് അവരോടു ചോദിച്ചിരുന്ന ചോദ്യം. കേരളത്തിലെ ചില പത്രങ്ങളിൽ വന്നിട്ടുള്ളതാണു്. അവരോടു് ടെസ്റ്റ് നടത്തിയിട്ടുണ്ടോ എന്നു ചോദിച്ചില്ല. നിയമപ്രകാരം അപേക്ഷ അയച്ചിട്ടുണ്ടോ എന്നു ചോദിച്ചിട്ടില്ല; ഇതൊന്നും ചോദിച്ചിട്ടില്ല.

ശ്രീ. ജി. ഗോപിനാഥൻപിള്ള: ഏതു പത്രത്തിലാണു് ഇതു വന്നതു്?

ശ്രീ. എ. വി. ആര്യൻ: ദേശാഭിമാനിയിൽ വന്നു. നിങ്ങളുടെ പത്രമായ മാതൃഭൂമിയിൽ വന്നോ എന്നു് എനിക്കറിഞ്ഞുകൂടാ. എത്ര ആളുകളെ പിരിച്ചു വിട്ടു എന്നുപോലും പബ്ലിക്കേഷൻ കൊടുക്കാത്ത കൂറേ പത്രങ്ങളും ഈ നാട്ടിലുണ്ടു്. മുതലാളിമാർ നടത്തുന്ന അത്തരം പത്രങ്ങളിൽ കള്ളവാർത്തകളും കെട്ടിച്ചമയ്ക്കാറേയുള്ളൂ. ഇതു കുറേക്കാലമായി ഇവിടെ നടക്കുകയാണു്. ശ്രീ. ഗോപിനാഥൻപിള്ളയ്ക്കു് അതു മനസ്സിലായില്ലെന്നു പറഞ്ഞാൽ കഷ്ടമാണു്. പിരിച്ചുവിടപ്പെട്ടവരോടു് ഇതൊന്നും ചോദിച്ചിട്ടില്ല. ഇൻറർവ്യൂ നടത്തിയിട്ടുണ്ടെന്നോ, ടെസ്റ്റ് നടത്തിയിട്ടുണ്ടെന്നോ ചോദിച്ചിട്ടില്ല. പാപ്പനംകോട്ടു് പത്തു പന്ത്രണ്ടു ദിവസം നടന്നു ടെസ്റ്റ് നടത്തിയ ഡ്രൈവറൻമാരെ പിരിച്ചുവിട്ടിട്ടുണ്ടു്. ഇതെല്ലാം കാണിക്കുന്നതു പറയുന്നതൊന്നും പ്രവർത്തിക്കുന്നതു് മറെറാന്നും എന്നുമുള്ള കാൺഗ്രസ്സിൻെറ പഴയ പാരമ്പര്യത്തെയാണു്. കാൺഗ്രസ്സിൽനിന്നു വിട്ടുപോന്നു് ഇപ്പോഴും വേറെയാണെങ്കിലുംശരി, ആ ചോരബന്ധം വിട്ടുപോയിട്ടില്ല. എന്നുമാത്രമല്ല, ആ ചോരബന്ധം പുതിയ ചില ആളുകളിലേക്കു് കടത്തിവിട്ടതിൻെറ ഫലമായി ആ സുഖക്കേടു് വ്യാപിച്ചു എന്നുള്ളതല്ലാതെ മറെറാന്നും സംഭവിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ട്രാൻസ്പോർട്ട് കാർപ്പറേഷനിലെ നിയമനങ്ങൾ പബ്ളിക്ക് സർവ്വീസ് കമ്മിഷന് വിട്ടുകൊടുക്കുന്നതിനുവേണ്ടി അവതരിപ്പിച്ചിട്ടുള്ള ഈ ബിൽ ആകെത്തന്നെ മാറ്റിയിട്ട് അടുത്തകാലത്തായി രൂപീകരിച്ചിട്ടുള്ള, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തു രൂപീകരിച്ചിട്ടുള്ള പല കാർപ്പറേഷനുകളും ഉണ്ട്, അവയുടെ കാര്യം എടുക്കാം. രണ്ടു തരം പൗരത്വമാണ് ഇന്നത്തെ ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളത്. മാർക്സിസ്റ്റുകാരെ തല്ലാൻവേണ്ടി ഫോണിൽ കൂടി വിളിച്ചു പറഞ്ഞു കേസ് ചാർജ് ചെയ്യുന്ന സംഭവങ്ങൾ ഇവിടെ നടക്കുന്നുണ്ട്. മറ്റൊരു സംഭവം, ട്രാൻസ്പോർട്ട് കാർപ്പറേഷനിൽ, അതിന്റെ മന്ത്രി, ചെയർമാൻ മാർക്സിസ്റ്റുകാരനാണെന്നുള്ള കുറ്റംകൊണ്ട് ആ കാർപ്പറേഷന്റെ ചെയർമാൻ സ്ഥാനത്തുനിന്ന് അദ്ദേഹത്തെ പിരിച്ചുവിടുകയും, അതിന്റെ അഡ്വൈസറി കമ്മിറ്റി പിരിച്ചുവിടുകയും ചെയ്തതാണ്, ഇങ്ങനെ നോക്കിയാൽ രണ്ടു തരം പൗരത്വമാണ് ഈ ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളതെന്നു കാണാൻ സാധിക്കും. വലതു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നേതൃത്വത്തിലുള്ള ഈ. പി. ഗോപാലൻ ചെയർമാനായുള്ള അഗ്രോ ഇൻഡസ്ട്രീസ് കാർപ്പറേഷന്റെ ചെയർമാന് യാതൊരു കുറവുമില്ല; യാതൊരു തകരാറുമില്ല. അവർ അവിടെ നിൽക്കുകയാണ്. ഇതു രണ്ടുതരം പൗരത്വത്തിന്റെ ലക്ഷണമല്ലേ? അതുപോലെതന്നെ ഖാദിബോർഡിന്റെ ചെയർമാനായി അടുത്ത കാലത്തു ചാത്തൻമാസ്റ്ററെ നിയമിച്ചിട്ടുണ്ട്. അതിനുമുൻപുണ്ടായിരുന്ന ഖാദിബോർഡിന്റെ ചെയർമാൻ വലതു കമ്മ്യൂണിസ്റ്റ് നേതാവായ ശ്രീ.ടി.സി. നാരായണൻനമ്പ്യാരെ മാറ്റാനുണ്ടായ കാരണമെന്താണെന്ന് ഒന്നു വിശദീകരിക്കാൻ ഈ ആളുകൾ തയ്യാറാകുമോ? എത്ര ലക്ഷം രൂപാ കളഞ്ഞുകുളിച്ചു എന്നു പറയാമോ? എന്നിട്ട് അവിടെയൊന്നും യാതൊരു കുഴപ്പവുമില്ല. ആകെ കുഴപ്പം ട്രാൻസ്പോർട്ടിലാണ്. പ്ലാന്റേഷൻ കാർപ്പറേഷൻ ചെയർമാനായിരിക്കുന്ന ശ്രീമതി റോസമ്മാ പുന്നൂസിനു കനത്ത ശമ്പളം കൊടുക്കുന്നുണ്ട്. അവരുടെ ജോലി എന്താണ്?

ശ്രീ. പി. എസ്. ശ്രീനിവാസൻ: കനത്ത ശമ്പളത്തിന്റെ തുക എന്താണെന്നു പറയാമോ?

ശ്രീ. എ. വി. ആര്യൻ: നിങ്ങളം തന്നെയാണല്ലോ അതു ചെയ്തത്. നിങ്ങൾപോയി നോക്കിയാൽമതി.

ശ്രീ. എ. കെ. അപ്പു: പ്ലാന്റേഷൻ കാർപ്പറേഷൻ ചെയർമാനായ ശ്രീമതി റോസമ്മാ പുന്നൂസിന് ഇത്ര ഉയർന്ന സ്ഥാനം നൽകിയതും 500 രൂപാ ആണറേറിയം നൽകുന്നതും അനുചിതമായിപ്പോയി എന്നു പി. യൂ. സി. റിപ്പോർട്ടിൽ പറഞ്ഞിട്ടില്ലേ?

ശ്രീ. എ. വി. ആര്യൻ: ആ റിപ്പോർട്ട് ഞാൻ വായിക്കാത്തതുകൊണ്ട് അതിനു മറുപടി പറയുന്നില്ല. ഏതായാലും അവർക്ക് ഒരു പിടി ശമ്പളം കൊടുക്കുന്നുണ്ട്. അവരെ പ്ലാന്റേഷൻ കാർപ്പറേഷന്റെ ചെയർമാനാക്കി വച്ചതിന്റെ ഫലമായി റബ്ബർ പ്ലാന്റേഷൻ നശിക്കുകയാണു ചെയ്തിട്ടുള്ളത്, അവിടത്തെ തൊഴിലാളികളെ പിരിച്ചുവിട്ടു. റബ്ബർപ്ലാന്റേഷനുവേണ്ടി ഒഴിപ്പിച്ചിട്ടുള്ള ആളുകളെ പാറയുടെ മുകളിൽ കൊണ്ടുവന്നു താമസിപ്പിച്ചു. കൊടുമൺപ്ലാന്റേഷനിൽ സമരം നടന്നു. റബ്ബർതോട്ടം വച്ചുപിടിപ്പിച്ച തൊഴിലാളികൾക്ക് ശമ്പളം കൊടുക്കാനുള്ള മാന്യത കാണിക്കാതെ പ്ലാന്റേഷൻ കാർപ്പറേഷന്റെ കാശു ചെലവാക്കി കാറിൽ തെക്കോട്ടും വടക്കോട്ടും നടന്ന് ആളുകളെ പിരിച്ചു വിടുകയാണ് ചെയർമാൻ ചെയ്യുന്നത്. ആ കാർപ്പറേഷന്റെ ചെയർമാനെ നിങ്ങൾക്കു മാറ്റേണ്ട? അങ്ങനെ രണ്ടു തരം പൗരത്വം ഈ

LIBRARY ARCHIVES Kerala Legislative Assembly

നാട്ടിൽ ഉണ്ടായിട്ടില്ലേ? അതൊന്നു് ആലോചിക്കേണ്ടതാണു്. അഗ്രോ ഇൻഡസ്ട്രീസ് കാർപ്പറേഷനിൽ എത്രയധികം നിയമനങ്ങളും നിങ്ങളും നടത്തി? ഇപ്പോഴും നടത്തിക്കൊണ്ടിരിക്കുകയാണു്. വെളിച്ചമുണ്ടെന്നു കരുതി വെളുക്കുവോളം കക്കരുതെന്നു മാത്രമേ ഞാൻ പറയുന്നുള്ളു.

ശ്രീ. ഈ. ജോൺജേക്കബ്: അഗ്രോ ഇൻഡസ്ട്രീസ് കാർപ്പറേഷനിൽ ആരെയെങ്കിലും നിയമത്തിനു വിരുദ്ധമല്ലാതെ നിയമിച്ചിട്ടുണ്ടെന്നു ആരോപണം കൊണ്ടുവരാമോ?

ശ്രീ. എ. വി. ആര്യൻ: ശ്രീമാൻ ബേബിയുടെ വാക്കിൽനിന്നു തന്നെ നേരു പുറത്തുവന്നു. ഗുരുതരംകൊണ്ടാണോ എന്നറിഞ്ഞുകൂടാ, അദ്ദേഹത്തിന്റെ നാക്കിൽനിന്നു നേരു പുറത്തുവന്നു. അങ്ങു പറഞ്ഞതു് നിയമവിരുദ്ധമല്ലാതെ നിയമിച്ചിട്ടുണ്ടോ എന്നാണു്. ഒരൊറ്റ ആളും ഇല്ലെന്നാണു് എന്റെ മറുപടി.

ശ്രീ. ഈ. ജോൺജേക്കബ്: ട്രാൻസ്പോർട്ട് കാർപ്പറേഷനിലെ നിയമനങ്ങളെ സംബന്ധിച്ചു് പല പരാതികളുംഉണ്ടായിട്ടുണ്ടു്. നിയമവിരുദ്ധമായി പല നിയമനങ്ങളും നടത്തിയിട്ടുണ്ടെന്ന ആക്ഷേപമുണ്ടായിട്ടുണ്ടു്. അതുപോലെ അഗ്രോ ഇൻഡസ്ട്രീസ് കാർപ്പറേഷനിൽ ഏതെങ്കിലും നിയമനങ്ങളും നിയമവിരുദ്ധമായി നടന്നതായി ചൂണ്ടിക്കാണിച്ചിട്ടുണ്ടോ?

ശ്രീ. എ. വി. ആര്യൻ: അങ്ങു് ആദ്യം ഒരു നേരു പറഞ്ഞു. പിന്നീടു് അപ്പുറത്തിരിക്കുന്ന ആളുകളും ഉപദേശിച്ചു് ആ നേരിനെ രണ്ടാമതുനുണയാക്കി പറയാനുള്ള ബുദ്ധിമുട്ടു് അങ്ങു സഹിക്കുന്നതു കണ്ടു. ഏതായാലും ആ കാര്യത്തിന്റെ വിശദാംശങ്ങളിലേക്കു ഞാൻ കടക്കുന്നില്ല. നിയമവിരുദ്ധമായി മാത്രമേ അതിൽ നിയമിച്ചിട്ടുള്ളു എന്നുള്ളതു സത്യമാണു്.

ശ്രീ. കെ. എം. മാണി: സർ, ഏ പായിന്റ് ആഫ് അർഡർ. ഒരു കാര്യം നിയമവിരുദ്ധമായി ചെയ്തതാണെന്നു പറഞ്ഞു. അതിനെ ഒരു മെമ്പർ നിഷേധിച്ചുകൊണ്ടു് അങ്ങനെ ഏതെങ്കിലും ഒരു സംഭവം നടന്നതായി ചൂണ്ടിക്കാണിക്കാമോ എന്നു ചോദിക്കുകയുണ്ടായി. അങ്ങനെ ഒരു സംഭവവും ചൂണ്ടിക്കാണിക്കാതെ പിന്നെയും നിയമവിരുദ്ധമായി നിയമിച്ചു എന്നു അഭിപ്രായം പുറപ്പെടുവിക്കുന്നതു് ആർഡറിലാണോ?

ശ്രീ. ഈ. ജോൺജേക്കബ്: അഗ്രോ ഇൻഡസ്ട്രീസ് കാർപ്പറേഷനിലെ ഒരു ഡയറക്ടറാണു് ഞാൻ. ആ ബോർഡിൽ നടക്കുന്ന കാര്യങ്ങളെ സംബന്ധിച്ചു് എനിക്കറിയാം. ബഹുമാനപ്പെട്ട ആര്യൻ പറഞ്ഞതുപോലെ അവിടെയാതൊരു നിയമനവും നടന്നിട്ടില്ലെന്നു ബോദ്ധ്യമുള്ളതുകൊണ്ടാണു് ഞാൻ ഇതു പറയുന്നതു്.

ശ്രീ. പി. കുഞ്ഞൻ: അന്വേഷണം നടത്താൻ തയ്യാറുണ്ടെങ്കിൽ ഞാൻ തെളിവു കൊടുക്കാൻ തയ്യാറാണു്.

ശ്രീ. എ. വി. ആര്യൻ: കമ്മ്യൂണിസ്റ്റുപാർട്ടിയിലെ ഒരു നേതാവായ കണിയാപുരം രാമചന്ദ്രന്റെ ഒരു ബന്ധുവിനെ അവിടെ നിയമിച്ചതിനെപ്പറ്റി അന്വേഷിക്കാൻ ബഹുമാനപ്പെട്ട ബേബിയും, മാണിയും മുന്നോട്ടുവരുമോ അതേപ്പറ്റി അന്വേഷിക്കാൻ തയ്യാറുണ്ടോ? ഇതുപോലെ എത്രവേണമെങ്കിലും ഉദാഹരണം പറയാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: നിങ്ങളുടെ പാർട്ടിയിൽപ്പെട്ട ശ്രീ. ടി. കെ. രാമകൃഷ്ണൻ ആ ബോർഡിലെ ഒരംഗമല്ലേ? അദ്ദേഹം വല്ല പരാതിയും ഉന്നയിച്ചിട്ടുണ്ടോ?

ശ്രീ. എ. വി. ആര്യൻ: അതു രാമകൃഷ്ണനോടു ചോദിക്കണം. അതു കൊണ്ടാണല്ലോ നിങ്ങൾ ഉണ്ടാക്കുന്ന കമ്മിറ്റികളിൽ ഞങ്ങളെ പെടുത്താതെ മാറ്റി നിറുത്തുന്നത്. ഈ സംഗതികളൊക്കെ പുറത്തുവരുമെന്നുള്ള ഭയം കൊണ്ടായിരിക്കാം. ഇത്തരം കാര്യങ്ങളെക്കുറിച്ചു കൂടി അന്വേഷിക്കണം. ഈ കാർപ്പറേഷന്റെ ചെയർമാനു കനത്ത ശമ്പളവും കനത്ത ബത്തയും വാങ്ങുന്നതിൽ വലതു കമ്മ്യൂണിസ്റ്റുപാർട്ടി ഒരു കുറ്റവും കാണുന്നില്ല.

ശ്രീ. എം. കെ. ദിവാകരൻ: ചില മന്ത്രിമാരുടെ പേരിൽ അഴിമതിയാരോപണങ്ങൾ ഉന്നയിക്കുകയുണ്ടായല്ലോ. അങ്ങനെ ഉന്നയിച്ചതിന്റെ കൂട്ടത്തിൽ അഡ്വാ ഇൻഡസ്ട്രീസ് കാർപ്പറേഷനിലെ നിയമനങ്ങളെ സംബന്ധിച്ചും അഴിമതി ആരോപണങ്ങൾ ഉന്നയിച്ചിട്ടുണ്ടോ?

ശ്രീ. എ. വി. ആര്യൻ: ഏതെങ്കിലും സമയത്ത് അഴിമതി ഉണ്ടായാൽ അതു ശ്രദ്ധയിൽപ്പെടുത്തേണ്ട അവസരത്തിലാണു കൊണ്ടുവരേണ്ടത്. ആ അവസരത്തിൽ അതു ഞങ്ങൾ കൊണ്ടുവരുന്നതാണ്. അതിൽ ദിവാകരൻ പരിഭ്രമിച്ചിട്ടു കാര്യമില്ല.

ശ്രീ. ഓ. കോരൻ: റബ്ബർപ്ലാന്റേഷനിലെ തൊഴിലാളികൾക്ക് പ്രത്യേകിച്ച് യാതൊരു ആനുകൂല്യവും ചെയ്തുകൊടുത്തില്ലെന്നു ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറയുകയുണ്ടായി. അതു ശരിയല്ല. 6 ലക്ഷം രൂപയുടെ ആനുകൂല്യങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ട്.

ശ്രീ. എ. വി. ആര്യൻ: ബഹുമാനപ്പെട്ട മന്ത്രി തൊഴിൽവകുപ്പുമന്ത്രിയല്ലാത്തതുകൊണ്ട് തൊഴിലാളികൾ ഏതെല്ലാം സമരങ്ങൾ നടത്തിയിട്ടാണ് ഇത് കിട്ടിയതെന്ന് ഒരു പക്ഷേ അദ്ദേഹം അറിഞ്ഞുട്ടുണ്ടാകുകയില്ല. അത് കൊടുക്കാത്തവരുടെ കയ്യിൽനിന്ന് അതു മേടിക്കാനുള്ള കഴിവ് ഈ രാജ്യത്തിലെ തൊഴിലാളികൾക്കുതന്നെ ഉണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയുകയില്ലായിരിക്കാം. അദ്ദേഹത്തിനു പാട്ടുപാടലും മറ്റുമൊക്കെയല്ലേ അറിയുകയുള്ളൂ. സമരവീര്യവും പാരമ്പര്യവുമുള്ള തൊഴിലാളികളാണ് ഈ രാജ്യത്തുള്ളതെന്നും ആനുകൂല്യങ്ങൾ കൊടുക്കാത്തവരുടെ കയ്യിൽനിന്ന് അത് വാങ്ങിച്ചെടുക്കാനുള്ള കഴിവ് ഈ രാജ്യത്തെ തൊഴിലാളിവർഗ്ഗത്തിന് ഉണ്ടെന്നുമുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കുന്നതാണ് നല്ലത്. റോസമ്മാ പുന്നൂസ് ചെയർമാനായിട്ടുള്ള പ്ലാന്റേഷൻ കാർപ്പറേഷനിലെ തൊഴിലാളികൾ അവരുടെ അവകാശങ്ങൾ പിടിച്ചുവാങ്ങുന്നതിനുവേണ്ടി അവിടെ നടത്തിയിട്ടുള്ള സമരം മന്ത്രിക്ക് അറിയുകയില്ലെങ്കിൽ അങ്ങ് ഇനിയെങ്കിലും സ്റ്റഡി ചെയ്തുകൊണ്ട് ഒന്നുപോയി അന്വേഷിക്കണം.

ശ്രീ. പി. രാമചന്ദ്രൻ: പ്ലാന്റേഷൻ കാർപ്പറേഷനിലെ തൊഴിലാളികൾക്ക് ഭൂമി കൊടുത്തില്ലെന്നു പറഞ്ഞു. ശ്രീമതി ഗൗരി ലാൻഡ് റവന്യൂ മന്ത്രിയായിരുന്ന കാലത്തും, ശ്രീ. എം. കെ. കൃഷ്ണൻ ഫോറസ്റ്റ് മന്ത്രിയായിരുന്ന കാലത്തും ഇതിനുവേണ്ടി ആലോചനകൾ നടന്നുവെന്നും, എന്നാൽ ആ ഗവൺമെന്റ് ഒരു തീരുമാനമെടുത്തില്ലെന്നും, അതിനുശേഷം ഇപ്പോഴത്തെ ഗവൺമെന്റ് ആ കാര്യത്തിൽ ഒരു തീരുമാനമെടുത്ത് 6 ലക്ഷം രൂപാ റഷ്ട

LIBRARY ARCHIVES Kerala Legislative Assembly

പരിഹാരമായി കൊടുക്കുന്നതിനും കൃഷിക്ക് ഉപയുക്തമല്ലാത്ത ഭൂമി മാറ്റി പകരം ഭൂമി കൊടുക്കുന്നതിനും തീരുമാനമെടുത്തു എന്നുമുള്ള വസ്തുത ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. എ. വി. ആര്യൻ: ബഹുമാനപ്പെട്ട രാമലിംഗം പ്ലാന്റേഷനും പ്ലാന്റേഷൻ തൊഴിലാളുമായി ബന്ധപ്പെട്ട ഒരാളെന്ന നിലയ്ക്കുതന്നെ അന്ന് ഇതു കൊടുക്കുന്നതിനു വേണ്ടിയുള്ള ശ്രമങ്ങളും ആരംഭിക്കുകയും കൂടിയാലോചനകളും നടത്തുകയും ചെയ്ത കാര്യം അറിവുള്ളതാണല്ലോ.

ശ്രീ. പി. രാമലിംഗം: ഞാൻ ഇതിനുവേണ്ടി മുൻഗവൺമെന്റിന്റെ കാലത്തു നിരാഹാരസത്യാഗ്രഹം അനുഷ്ഠിച്ച വസ്തുത അറിയാമോ?

ശ്രീ. എ. വി. ആര്യൻ: അന്നു ഞങ്ങളും ചെയ്യുന്നതിനെയെല്ലാം തകരാറുലാക്കാൻവേണ്ടിയും ആ ഗവൺമെന്റിനെ അട്ടിമറിക്കാൻ വേണ്ടിയും പഴുതി നോക്കി നടന്നിരുന്ന ആളുകളും തിരിഞ്ഞുനിന്ന് അന്തസ്സ് പറഞ്ഞു നടക്കുന്നത് ഗുണം പിടിക്കുന്ന പണിയല്ല.

ശ്രീ. ഓ. കോരൻ: ആ തൊഴിലാളികൾക്ക് 6 ലക്ഷം രൂപയുടെ ആനുകൂല്യങ്ങളും നൽകാനുള്ള തീരുമാനമെടുത്തത് ഈ ഗവൺമെന്റ് നിലവിൽ വന്നതിനു ശേഷമാണ്.

ശ്രീ. എ. വി. ആര്യൻ: ബഹുമാനപ്പെട്ട മന്ത്രിയോട് വളരെ നന്ദിയുണ്ട്, അങ്ങനെ അവർക്ക് കൊടുക്കാൻ തീരുമാനിച്ചതിൽ. പക്ഷേ തൊഴിലാളികളും കുറച്ചുകാലമായി പ്രക്ഷോഭണം കൂട്ടിവന്നതിനുശേഷം അതിനുവേണ്ടി പരിശ്രമം തുടങ്ങിയ അവസരത്തിലുമാണ് അവിടത്തെ കുഴപ്പങ്ങളെല്ലാം കുത്തിപ്പൊക്കിയത്. അത് എവിടെവച്ച് ആരംഭിച്ചു എന്നുള്ളതു ഞാൻ പറയുന്നില്ല. അന്നുമുതൽക്ക് ഗവൺമെന്റ് നടത്തുന്നതായ എല്ലാ നടപടികളേയും തടസ്സപ്പെടുത്തി വന്നതുകൊണ്ട് ദീർഘിച്ചുപോയെന്നേയുള്ളു.

Mr. Chairman (**Shri K. Moideenkutty Haji**): Order, order. You may continue, tomorrow.

The House will now adjourn and meet again tomorrow at 8 a. m.

The Assembly adjourned at 1 p. m. to meet again at 8 a. m. on Tuesday, January 20, 1970.

LIBRARY ARCHIVES Kerala Legislative Assembly